# ACADEMIC MASTER PLAN
# 2025- 2026




Your paragraph text

Bethlehem Convent High School
Mukkattukara

- ആമുഖം
- ലക്ഷ്യങ്ങൾ
- ചരിത്രം
- പദ്ധതി രൂപീകരണം
- നിലവിലെ അവസ്ഥ
- മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിങ്
- ഉപസംഹാരം
- അനുബന്ധം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ബത്‌ലേഹം കോൺവെന്റ് ഹയർ സെക്കന്ററി സ്കൂൾ, മുക്കാട്ടുകര ( B C HS S Mukkattukara ) |
| വിലാസം | : | പി. ഒ. നെട്ടിശ്ശേരി തൃശ്ശൂർ ജില്ല 680 651 |
| ഫോൺ | : | 0487 2375041 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ ഈസ്റ്റ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| ബി. ആർ. സി. | : | അരണാട്ടുകര |
| സി. ആർ. സി. | : | ഒല്ലുക്കര |
| കോർപ്പറേഷൻ | : | തൃശ്ശൂർ |
| താലൂക്ക് | : | തൃശ്ശൂർ |
| നിയമസഭമണ്ഡലം | : | തൃശ്ശൂർ |
| ലോകസഭമണ്ഡലം | : | ഒല്ലൂർ |
| ഇ-മെയിൽ | : | bghsmukkattukara@gmail.com |
| സ്കൂൾ | : | തൃശ്ശൂർ (റവന്യൂജില്ല ) തൃശ്ശൂർ (വിദ്യാഭ്യാസ ജില്ല) ബത്‌ലേഹം എച്ച്. എസ്. മുക്കാട്ടുകര |

# ആമുഖം

മികവാർന്ന വിദ്യാലയം സ്വന്തമാക്കുക എന്ന ലക്ഷ്യത്തോടെ ഈ വിദ്യാലയം അക്കാദമിക് പ്ലാൻ തയ്യാറാക്കുന്നു. വിദ്യാലയ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ശിശു സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിച്ച് പഠനനിലവാരം ഉയർത്തുക എന്ന പ്രധാന ലക്ഷ്യത്തലേക്ക് എത്തിച്ചേരാൻ വിദ്യാലയം ഒരുക്കുന്നതാണ് ഈ ആസൂത്രണം.

അക്ഷരജ്ഞാനം അറിവിന്റെ ആരൃഭമാണെങ്കിലും, ചിട്ടയാർന്ന പഠനത്തിലൂടെ സ്വന്തമാക്കിയ അറിവ് എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമായി എന്ന് ഉറപ്പ് വരുത്താനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുന്നു.

സർഗാത്മകതക്കും അക്ഷരജ്ഞാനത്തിനും ഉയർച്ച ലക്ഷ്യമാക്കി പഠനം പാൽപ്പായസമാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും എന്ന് ഉറപ്പുണ്ട്.

ഭാഷാപഠനം ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ മൂന്ന് വിഷയങ്ങൾക്കു തുല്യപ്രാധാന്യ നൽകിയ പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിക്കുന്നത്.

ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്ക്കരിക്കണം എന്നത് പ്രധാനകാര്യമാണ്. എഴുത്തും, വായനയും, പുതിയ രചനകളും തുല്യ പ്രാധാന്യം കൈവരിക്കുന്നു. ഗദ്യവായന അന്യമായികൊണ്ടിരിക്കുന്ന അവസരത്തിൽ വ്യക്തമായി വായിക്കാൻ അറിയുന്ന തലമുറയെ സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. സർഗ്ഗാത്മ രചനകൾ ഭാവനയെ തൊട്ടുണർത്തുന്നു. അവരുടെ പ്രോത്സാഹനം അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ട പഠനതന്ത്രങ്ങൾ നാം കൂട്ടമായി രൂപപ്പെടുത്തുന്നു. നവപ്രഭ ശ്രദ്ധ തുടങ്ങിയ പരിപാടികൾ ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹായിക്കുന്നു.

ലോകകായികരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച് കേരളത്തിന്റെ അഭിമാനമായി മാറിയ രാഹുൽ. കെ . പി. ( ലോകകപ്പ് അണ്ടർ 17 താരം) ഈ വിദ്യാലയത്തിന്റെ സ്വന്തമായിരുന്നു എന്നത് അഭിമാനാർഹമാണ്. നമ്മുടെ ഗ്രൗണ്ടിൽ നിന്നും ഉയർന്നുവന്ന ഈ താരം

ലോക ജനങ്ങളുടെ ശ്രദ്ധ നേടി എന്നത് നമ്മുടെ വിദ്യാലയത്തിന് കായിക രംഗത്ത് പുത്തൻ ചുവടുവെയ്പ്പുകൾക്ക് പ്രചോദനമായി ഫുട്ബോൾ കോർട്ട്, ബാസ്ക്കറ്റ്ബോൾ കോർട്ട്, എന്നിവയുടെ നിർമ്മാണം പ്രധാന ലക്ഷ്യങ്ങളാണ്. കളിയും പഠനവും സമ്മിശ്രമായി അവതരിപ്പിച്ച് നമുക്ക് വിജയങ്ങൾ കൊയ്യാനാകും.

സോഷ്യൽസയൻസ് വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായി അക്കാദമിക് പുരോഗതിക്കായി കാഴ്ചവയ്ക്കുന്നത് പഠനയാത്രയാണ്. വിനോദയാത്ര എന്ന സങ്കല്പം മാറ്റിമറിച്ച് വിജ്ഞാനവും ഇടചേർക്കുന്ന പഠനയാത്ര തൃപ്പൂണിത്തറ ഹിൽപാലസ്, ശക്തൻതമ്പുരാൻ എന്നിവ സന്ദർശിക്കാൻ തീരുമാനിച്ചു.

നിയമസഭ സന്ദർശനത്തിലൂടെ ജനാധിപത്യ മൂല്യങ്ങൾ പ്രാധാന്യം നൽകുകയും കുട്ടികളെ അവ പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് ഉപകരിക്കും.

സയൻസ് വിഭാഗം മുന്നോട്ടു വെക്കുന്ന പ്രധാന പ്രവർത്തനങ്ങളാണ് സയൻസ് ഡ്രാമ, പഠനയാത്ര, കുസാറ്റ് യാത്ര, സെമിനാർ അവതരണം എന്നിവ സയൻസ് പഠനം കൂടുതൽ എളുപ്പമുള്ളതാക്കി തീർക്കാൻ ഈ പ്രവർത്തനങ്ങൾ സഹായിക്കും. ആശയങ്ങൾ ലളിതമായി ലഭിക്കുവാനും, ജീവിത സാഹചര്യങ്ങളിൽ ശാസ്ത്ര ബോധം ഉണർത്തുവാനും സയൻസ് ഡ്രാമ ഉപകരിക്കും. പഠനയാത്രയുടെ ഭാഗമായി കുസാറ്റ് സന്ദർശനം കൂടുതൽ അറിവ് നൽകും. അഗ്രിയൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥരെയും, മറ്റു വിശിഷ്ട അധ്യാപകരേയും ഉൾക്കൊള്ളിച്ച് സെമിനാറുകൾ ഉൾപ്പെടുത്തുന്നു.

ഗണിതബോധം വർദ്ധിപ്പിക്കുന്നതിനായി C. S. W. N. കുട്ടികളുടെ പഠന പുരോഗതി വർദ്ധിപ്പിക്കുന്നതിനായി ഗണിത മാതൃകകൾ പേപ്പറുകളും ചാർട്ടുകളും ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവർത്തനം മുന്നോട്ട്. ശ്രീരാമനുജൻ ഗണിതശാസ്ത്ര പ്രതിഭയുടെ ദിനത്തോടനുബന്ധിച്ച് സെമിനാർ നടത്തുന്നതിന് പ്രഗത്ഭരെ കൊണ്ടു വരാൻ ക്ലാസുകൾ നടത്തുന്ന പ്രവർത്തനമാണ് മുന്നോട്ട് വെക്കുന്നത്.

കലകൾ സമൂഹത്തിന്റെ ഉയർച്ചയ്ക്കും വിദ്യാർത്ഥികളിൽ പുതുമുഖം സൃഷ്ടിക്കാനും പഠനം കൂടുതൽ ആസ്വദിക്കരമാക്കാനും കലാപഠനം സഹായകമാകും. പരിമിതമായ വിദ്യാലയ വിഭവങ്ങളുടെ ലഭ്യത പരിഗണിച്ച് പരമ്പരാഗത കലകളെ

നിലനിർത്തുന്നതിന് അവ അടുത്ത സമൂഹത്തിന് പകർന്ന് നൽകുന്നതിന് പ്രചീന കലകൾ അഭ്യാസിക്കുന്നതിന്  വേദിയൊരുക്കുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുന്നത്.

ചവിട്ടുനാടകം, പരിചമുട്ടുകളി, മാർഗ്ഗംകളി എന്നിവയുടെ പഠനം ഉദ്ദേശിക്കുന്നുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ വാദ്യ ഉപകരണങ്ങൾ അഭ്യസിക്കുന്നതിന് ഗിത്താർ - വയലിൻ എന്നിവയുടെ പഠനമാണ് -പരിശീലനമാണ് പ്രവർത്തനമായി കാഴ്ചവയ്ക്കുന്നത്.

# അക്കാദമിക് തലം

അക്കാദമിക് തലത്തിൽ വിദ്യാലയം മുന്നോട്ട് പോകുന്നതിനായി മിഡ് ടേർ◌ം പരീക്ഷകളും, ക്ലാസ്സ് ടെസ്റ്റുകളും നടത്തുന്നു. ഓരോ ക്ലാസ്സിലും പത്ത്, ഒൻപത്, ഏഴ് T. E. X A- 20, XB-16, XC-8 ,IXA -21, IXB-20, IXC-15, VIIIA -24,VIIIB -15, VIIIC-20 എന്നിങ്ങനെ ഫുൾ പാസ്സ് നേടിയ കുട്ടികളുടെ എണ്ണം.

ഗണിതപഠനം, സയൻസ് തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് ഇടയ്ക്ക് പരീക്ഷകൾ എടുക്കുന്നുണ്ട്. പത്താം ക്ലാസിലെ കുട്ടികൾക്ക് മാതാപിതാക്കളുടെ സഹകരണത്തോടെ നിശാക്ലാസ്സുകൾ നൽകുന്നതിനും അധ്യാപകർ തയ്യാറായി.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികളും ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

2. ആധുനിക വിവരസാങ്കേതികവിദ്യയുടെ പ്രയോജനം പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു.

*3.അക്ഷരജ്ഞാനം എല്ലാ വിദ്യാർത്ഥികളും നേടിയെന്ന് ഉറപ്പുവരുത്തുന്നു.*

*4. പഠ്യേതരവിഷയങ്ങളുടെ മികവ് ഉയർത്തുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.*

*5. കലാ പഠനത്തിനും കായിക പഠനത്തിനും പ്രാധാന്യം നൽകുക.*

*6. എല്ലാം ഭാഷാവിഷയങ്ങളും സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.*

*7. ലൈബ്രറിയുടെ കാര്യക്ഷമമായ ഉപയോഗം*

*8. വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രൂപീകരിക്കുക.*

*9. ഗണിത ബോധം, ശാസ്ത്രബോധം, സാമൂഹ്യശാസ്ത്ര ബോധം എന്നിവ വളർത്തുന്ന രൂപപ്പെടുത്തുക.*

*10. സാഹിത്യാഭിരുചി വളർത്തുന്നതിന് ശിൽപ്പശാഖകൾ സംഘടിപ്പിക്കുന്നു.*

## ചരിത്രം

കിഴക്കൻ മലമടക്കുകൾ വടക്കുംനാഥന്റെ കാർകൂന്തമായ തേക്കിൻകാടു വരെ നീണ്ടകിടന്നിരുന്ന കാലത്തും മുക്കാടുകളാൽ ചുറ്റപ്പെട്ടുകിടന്നിരുന്ന മുക്കാട്ടുകര ഒരു ജനവാസ കേന്ദ്രമായിരുന്നു. കാർഷികവൃത്തി മാത്രമായിരുന്നു ഇവിടുത്തെ ജീവിതമാർഗ്ഗം.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഹൈന്ദവ ക്ഷേത്രങ്ങളും, കത്തോലിക്ക ദേവാലയവും ഇവിടത്തെ പഴമയുടെ പ്രതീകങ്ങളാണ്.

ഹൈന്ദവ ആവാസ കേന്ദ്രമായിരുന്ന ഈ പ്രദേശം ക്രിസ്ത്യൻ വീടുകൾ പെരുകിയപ്പോൾ ആരാധനയ്ക്ക് ഒരു പള്ളി ഉണ്ടാക്കുക എന്നത് ഒരാവശ്യമായി മാറി. പ്രജാക്ഷേമതല്പരനായ കൊച്ചി രാജാവിന് ഈ ആവശ്യം ബോധ്യപ്പെടുകയും സർക്കാർ അനുമതിയോടെ 1784 ജനുവരി 6 ന് മുക്കാട്ടുകര സെന്റ് ജ്േജാർജ്ജ് കാത്തോലിക്ക ദേവാലയത്തിന് തറക്കല്ലിടുകയും ചെയ്തു.

മുക്കാട്ടുകരയിൽ പള്ളി സ്ഥാപിക്കപ്പെട്ടതോടെ ഒരു പള്ളിക്കൂടം കൂടി ഉണ്ടാക്കണം എന്ന് ആവശ്യം ക്രമേണ ഉയർന്നുവന്നു. തുടർച്ചയായ നിവേദനങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ഫലമായി തൃശ്ശൂരിന്റെ കിഴക്കൻ മേഖലയിൽ ആദ്യ പ്രൈമറി സ്കൂൾ സർക്കാർ തലത്തിൽ 'പറവട്ടാണി പ്രവർത്തി പാഠശാല' എന്നപേരിൽ മുക്കാട്ടുകരയിൽ 1890ല് പ്രവർത്തനം ആരംഭിച്ചു. വർഷങ്ങൾ പിന്നിട്ടപ്പോൾ യു. പി. സ്കൂൾ കൂടി നേടിയെടുക്കാൻ പള്ളിയുടെ നേതൃത്വത്തിൽ ശക്തമായ നീക്കങ്ങൾ ഉണ്ടായി. തുടർന്ന് പള്ളി മാനേജ്മെന്റിൽ തന്നെ 1938 ൽ യുപി സ്കൂൾ പ്രവർത്തനമാരംഭിച്ചു.

മുക്കാട്ടുകരയിലെയും സമീപപ്രദേശങ്ങളിലും കുട്ടികൾ അപ്പാ പ്രൈമറി വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കപ്പെട്ടതോടെ ജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിച്ചു. വിദ്യാഭ്യാസത്തോടൊപ്പം കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിനും, സാമൂഹിക ആദ്ധ്യാത്മിക വളർച്ചയ്ക്കും ഒരു കോൺവെൻ്റ് സ്കൂൾ ഉണ്ടാകേണ്ടതാണെന്ന് ഉറച്ച തീരുമാനം ജനങ്ങളിൽ രൂപപ്പെട്ടു. കുട്ടികളുടെ ഭാവി കരുപിടിപ്പിക്കുന്ന ഈ ജനകീയ ആവശ്യം ഹോളി ഫാമിലി സമൂഹം സന്ന്യാസിനി ഏറ്റെടുത്തു. 1940- ൽ കോൺവെന്റ് സ്ഥാപിക്കപ്പെട്ടതോടൊപ്പം എയ്ഡഡ് മേഖലയിൽ സെന്റ് ജോർജ്ജ് കോൺവെന്റ് എൽ. പി. സ്കൂൾ അനുവദിക്കപ്പെട്ടു. നിലവിലുള്ള എൽ. പി. സ്കൂൾ പെൺകുട്ടികൾക്കുമായി പ്രവർത്തനമാരംഭിച്ചു.

തുടർ വിദ്യാഭ്യാസത്തിന് മുക്കാട്ടുകരയിൽ ഒരു ഹൈസ്കൂൾ ഇല്ലാത്ത കുറവ് ഇവിടത്തെ വിദ്യാഭ്യാസ വളർച്ചയ്ക്ക് വിഘാതമായി. വർഷക്കാലത്ത് പ്രത്യേകിച്ച്, പെൺകുട്ടികൾക്ക് ടൗണിൽ എത്തിച്ചേരുക പ്രയാസകരമായിരുന്നു. അന്നത്തെ കോൺവെന്റ് എൽ. പി. സ്കൂൾ പ്രാധാനാദ്ധ്യാപികയും നവജ്യോതി പ്രൊവിൻഷ്യൽ

കൗൺസിലറുമായിരുന്ന റവ. സി.ബെനവന്തുര ഇതിനായി മുന്നോട്ടിറങ്ങി. അന്നത്തെ പള്ളി വികാരി റവ. ഫാ. അഗസ്ത്യൻ അക്കര പ്രസിഡന്റും സി. കെ. പോൾ കൺവീനറുമായ ഒരു കമ്മിറ്റി പ്രവർത്തനമാരംഭിച്ചു അന്നത്തെ ഒല്ലൂർ എം.എൽ.എ., ശ്രീ. പി.ആർ. ഫ്രാൻസിസ് സർക്കാർ തലത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. എല്ലാവരുടെയും കാത്തിരിപ്പിനൊടുവിൽ 1979 ജൂൺ 15-ന് ബെത്‌ലേഹം ഗേൾസ് ഹൈസ്കൂൾ അദ്ധ്യയനമാരംഭിച്ചു. അന്നും ഇന്നും മാടക്കത്ര , പാണഞ്ചേരി, മുൻ ഒല്ലൂക്കര പഞ്ചായത്ത് പ്രദേശങ്ങളിലെ ഏക ഗേൾസ് ഹൈസ്കൂളായി ബെത്‌ലേഹം നിലനിൽക്കുന്നു. 1982-ൽ പ്രഥമ എസ് എസ് എൽ സി. ബാച്ച് നൂറുമേനി വിജയം നേടി പുറത്തുവന്നു. ഇടക്കാലത്ത് മുക്കാട്ടുകരയ്ക്ക് നഷ്ടപ്പെട്ട വിദ്യാഭ്യാസ-സാംസ്കാരിക മുൻതൂക്കം ഇതോടെ തിരികെ ലഭിച്ചു.

1979-ഏപ്രിൽ 25ന് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളം ശിലാ സ്ഥാപനം നടത്തിയ മുക്കാട്ടുകരയിലെ ഈ വിദ്യാലയം സെൻ്റ് മേരീസ് അനാഥാലയത്തിൻ്റെ മുറികളിലാണ് ആദ്യം പഠനം ആരംഭിച്ചത്. ഈ സരസ്വതി ക്ഷേത്രത്തിന്റെ പ്രഥമ പ്രാധാനാദ്ധ്യാപിക റവ. സി. ഫെററീസ് ആയിരുന്നു. 1982-83-ൽ സി.സിപ്രിയാൻ സാരഥ്യം ഏറ്റെടുത്തു. 1986-ൽ 315 വിദ്യാർത്ഥികൾ അടങ്ങിയ 7 ഡിവിഷനുകളായി വിദ്യാലയം വളർന്നു. 1988-ൽ സി. വലൻസിയ വിദ്യാലയ നേതൃത്വം ഏറ്റെടുത്തു. ഒരു വലിയ ശിഷ്യഗണത്തെ നേടിയെടുത്ത സി. വലൻസിയ 1991-ൽ സ്ഥലം മാറിപ്പോയി. തുടർന്ന് 1994 വരെ സി. നീനയാണ് ബെത്‌ലഹേമിനെ വളർത്തിയത്.

1994-ൽ റവ. സി. പയസ് അമ്പൂക്കൻ സ്കൂൾ സാരഥിയായി. ബെത്‌ലഹേം മക്കളെ ഉണ്ണി യേശുവിലേക്കടുപ്പിക്കാൻ ഗ്രോട്ട് സ്ഥാപിച്ചു. തുടർന്ന് 1998-ൽ റവ സി. മില്ലറ്റ് പ്രധാനാദ്ധ്യാപികയായി. എട്ട് ഡിവിഷനുകളിലായി അദ്ധ്യയനം നടന്നി രുന്ന ഈ വിദ്യാലയം 10 ഡിവിഷനുകളാക്കി ഉയർത്തുക എന്ന ദൗത്യത്തോടെ ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ മ്യൂസിക് ക്ലാസ്സിൻ്റെ പൂർത്തീകരണത്തിലാണ് അവസാനിച്ചത്. ഈ കാലഘട്ടത്തിൽ തന്നെ ബാസ്ക്കറ്റ് ബോൾ കോർട്ട്, സൈക്കിൾ ഷെഡ് എന്നിവയും യാഥാർത്ഥ്യമായി സൗകര്യങ്ങളോടുകൂടിയ ഒരു കമ്പ്യൂട്ടർ ലാബ്

ആരംഭിച്ച് പ്രവർത്തനോന്മുഖമാക്കിയതും ഈ കാലയളവിൽ തന്നെ തുടർന്ന് പ്രധാന അദ്ധ്യാപകരായവർ ശ്രീമതി. ട്രീസ് എഫ്. ചിറയത്ത്, റവ. സി. ട്രീസ കാവുങ്ങൽ, സി. മെറിൻ പോൾ എന്നിവരാണ്. 2013-ൽ സി. മേരി പോളിന്റെ നേതൃതത്തിലാണ്, ആൺകുട്ടികൾക്കുകൂടി പ്രവേശനം അനുവദിച്ചത്.

ഉന്നത വിദ്യാഭ്യാസത്തിനായി ഹയർ സെക്കണ്ടറി അനുമതി ലഭിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. 2013-ൽ ഇത് സാധ്യമായി.

2013 -14 അധ്യയന വർഷത്തിൽ സി.പുഷ്പ പോളിന്റെ നേതൃതത്തിൽ ഹയർസെക്കൻഡറി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യവർഷം കമ്പ്യൂട്ടർ സയൻസും, 2014 -15 - ൽ ബയോളജി സയൻസ് ബാച്ച് ആരംഭിച്ചത്. മുക്കാട്ടുകരയിലെയും ചുറ്റുമുള്ള സ്ഥലങ്ങളിലെയും കുട്ടികളുടെ പഠനനിലവാരം ഉയർത്തി എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഹയർസെക്കൻഡറി കെട്ടിടം സി പുഷ്പ പോളിന്റെ സ്വപ്നസാക്ഷാത്ക്കാരവും അശ്രാന്ത പരിശ്രമഫലമാണ് വിശാലമായ ക്ലാസ് മുറികളും പൂർണ്ണ സജ്ജീകരണത്തോടുകൂടിയ നാല് ലാബുകളും ഓഡിറ്റോറിയവും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പ്രശസ്തമായ പട്ടണത്തിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടി ബാക്കിവരുന്ന ആവറേജ് വിദ്യാർത്ഥികളെ മാത്രം ലഭിക്കുന്ന ബെത് ലഹേമിൽ മികച്ച വിജയശതമാനം നിലനിർത്താൻ കഴിയുന്നത് അദ്ധ്യാപകരുടെ കഠിനാദ്ധ്വാനവും അർപ്പണബോധവും ഉള്ളതുകൊണ്ടാണ്. ഒരേ ചരടിൽ കോർത്തിണക്കിയ പൂക്കൾപോലെ അദ്ധ്യാപകരും, വിദ്യാർത്ഥികളും ഏകമനസ്കരായി സി. പുഷ്പ പോളിന്റെ നേതൃ തത്തിൽ ബെല്ലേഹം ഹയർസെക്കണ്ടറി സ്കൂൾ പുരോഗതിയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടി കയറുകയാണ്

## ***പദ്ധതി രൂപീകരണം പ്രക്രിയ***

മാസ്റ്റർ പ്ലാൻ രൂപീകരണത്തിലൂടെ എസ്. ആർ. ജി, പി.ടി.എ, എം. പി. ടി. എ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി. അധ്യാപകരുടേയും രക്ഷിതാക്കളുടേയും നിർദ്ദേശാനുസരണം വിദ്യാലയനിലവാരവും, വിദ്യാലയ പ്രവർത്തനങ്ങളും, പഠനനിലവാരവും ഉയർത്തുന്നതിന് അക്കാദമിക് പ്ലാൻ വിശദമായി ചർച്ച ചെയ്യാൻ S. R. G വിളിച്ചുകൂട്ടി. കൺവീനർമാർ ഓരോരുത്തരും അഭിപ്രായങ്ങൾ

പറയുകയും പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രൂപരേഖകൾ എഴുതി തയ്യാറാക്കുന്നതിൽ പരസ്പരം സഹായിച്ചു.

## <u>നിലവിലെ അവസ്ഥ</u>

### <u>നവപ്രഭാ പ്രവർത്തനങ്ങൾ</u>

പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള സെക്കണ്ടറി വിദ്യാ ഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുകയും ഓരോ വിദ്യാർത്ഥിയും മികവിന്റെ ഉടമകളാക്കുകയും വിദ്യാലയങ്ങൾ മികവിൻ്റെ കേന്ദ്രങ്ങളാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ R.M.S.A. ആരംഭിച്ച "നവപ്രഭ' എന്ന പരിപാടിയിൽ വ്യത്യസ്ത കാരണങ്ങളാൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങു നൽകി അവരെ പഠനത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ബത്‌ലഹേം കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കഴിവിൻ്റെ പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുകയും മികവിൻ്റെ ഉന്നത സോപാനത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പഠ നപിന്നോക്കാവസ്ഥയെ ന്യൂനതയായി പരിഗണിക്കാതെ കുട്ടികൾക്ക് കരുതലും സംരക്ഷണവും നൽകി പഠനപ്രവർത്തനങ്ങളിൽ താൽപ്പര്യവും പഠന പുരോഗ തിയും ഉറപ്പാക്കാൻ അദ്ധ്യാപകർ പരിശ്രമിക്കുകയും ചെയ്യുന്നു.

H.M., P.T.A., പ്രസിഡൻ്റ്, Asst. H.M. സ്റ്റാഫ് സെക്രട്ടറി, S.R.G. കൺവീനർ, S.I.T.C. നവപ്രഭ കോർഡിനേറ്റർ, ഓരോ വിഷയത്തിൻ്റെ അദ്ധ്യാപക പ്രതിനിധി കൾ എന്നിവർ ചേർന്നു നടത്തി പ്രഥമ മീറ്റിങ്ങിൽ ആവിഷ്ക്കരിച്ച ചില തീരുമാന ങ്ങൾ ഇന്നും നടത്തി ക്കൊണ്ടുപോകുവാൻ ഓരോ അദ്ധ്യാപകരും ശ്രദ്ധിക്കുന്നുണ്ട് എന്നത് തീർത്തും ശ്ലാഘനീയമാണ് നിശ്ചിത നൈപുണിയും പഠനനേട്ടവും കൈവ രിക്കാതെ ഒമ്പതാംക്ലാസ്സിൽ എത്തിയ -- വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക ശ്രദ്ധയും കൈത്താങ്ങും നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ അദ്ധ്യാപകർ തയ്യാറായി. ഈ കുട്ടികളുടെ മാതാപിതാക്കളെ വിളിച്ചുവരുത്തി അവർക്കും

കുട്ടികൾക്കും ഒറ്റയ്ക്കും ഒരുമിച്ചും കൗൺസലിംഗ് നടത്തി പഠനപിന്നോക്കാവസ്ഥയുടെ മൂലകാരണം മനസ്സിലാക്കി.

മലയാളം, ഇംഗ്ലീഷ്, ശാസ്ത്രം, ഗണിതം എന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മിക്ച അദ്ധ്യാപകരെ ഏൽപ്പിക്കുകയും അവർക്ക് ടൈം ടേബിൾ നൽകുകയും ചെയ്തു. കുട്ടികളെ വിലയിരുത്താനായി അവരുടെ പഠനനിലവാര പട്ടികയോടൊപ്പം ഓരോ വിഷയത്തിനും ഒരു പ്രീ-ടെസ്റ്റ് അദ്ധ്യാപകർ എടുക്കു കയും പഠനനിലവാരത്തിന്റെ യഥാർത്ഥചിത്രം മനസ്സിലാക്കുകയും ചെയ്. കാലത്തും വൈകീട്ടും ഒഴിവുവേളകളിലും പഠിപ്പിക്കാമും പഠിക്കാനുമുള്ള അദ്ധ്യാ പകരുടേയും പഠിതാക്കളുടേയും താത്പര്യം എടുത്തുപറയേണ്ടതാണ്. വിദഗ്ദ്ധ അദ്ധ്യാപകർ തയ്യാറാക്കിയ പഠനസാമഗ്രികൾക്കും മൊഡ്യൂളുകൾക്കും ഒപ്പം തനത് രീതികളും തന്ത്രങ്ങളും വികസിപ്പിച്ച് അദ്ധ്യാപകർ ഈ പദ്ധതിയെ സർഗ്ഗാത്മകമാക്കുന്നു.

നിശ്ചിത രജിസ്റ്ററിൽ ഓരോ മാസവും കുട്ടികളുടെ പേർ എഴുതിച്ചേർക്കുകയും അവരുടെ ഹാജർ അതാത് അദ്ധ്യാപകർ ഉറപ്പാക്കുകയും ചെയ്യുന്നു. അവധിയെടുത്ത കുട്ടികളെ വീട്ടിൽ പോയി വിളിച്ചുവരുത്തിയ സംഭവങ്ങളും ഉണ്ട് ഓരോ മാസവും നവപ്രഭ കൗൺസിൽ വിളിച്ചുചേർത്ത് കുട്ടികളുടെ പഠനപുരോഗതിയും മറ്റു കാര്യങ്ങളും ചർച്ച ചെയ്യുകയും ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യു ന്നു. കുട്ടികളുടെ രക്ഷിതാക്കളെ സംഘടിപ്പിച്ച് പ്രതിമാസം യോഗം വിളിച്ച് ഒരു തുറന്നെ ചർച്ചയ്ക്ക് സ്കൂൾ വേദിയൊരുക്കുന്നു.

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകൂ എന്ന് ഏറെ മനസ്സിലാക്കുന്ന അദ്ധ്യാപകരും പ്രദാന അദ്ധ്യാപികയും കുട്ടികളുടെ ആരോഗ്യ കാര്യങ്ങളിൽ അതീവശ്രദ്ധാലുക്കളാണ്. അവർക്ക് ആവശ്യമായ ലഘുഭക്ഷണം സ്കൂളിൽ നിന്ന് വിതരണം ചെയ്യുകയും അനുകൂല സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.

കുട്ടികൾക്ക് ആവശ്യമായ പുസതകങ്ങൾ, പഠനസാമഗ്രികൾ എന്നിവ നൽകി ഒരു നല്ല ലക്ഷ്യബോധത്തോടെ വിദ്യ ആർജ്ജിക്കുവാൻ കുട്ടികളെ അദ്ധ്യാപകർ സുശക്തരാക്കുന്നു. ക്ലാസ്സുമുറികളിലെ നാലുചുവരുകൾക്കുള്ളിൽ നിന്നു ലഭിക്കുന്ന വിദ്യാഭ്യാസം പലപ്പോഴും മെക്കാഡെ പ്രഭുവിൻ്റെ ബുദ്ധിയിൽ ഉദിച്ചുയർന്ന അംഗലഭരണത്തിന്റെ ദുർഭരസന്ധതിയാണെന്ന് മനസ്സിലാക്കിയ

അദ്ധ്യാപകർ കുട്ടികളെ പഠനയാത്രയ്ക്ക് കൊണ്ടു പോയത് തികച്ചും സ്വാഭാവികം. കുട്ടികൾക്ക് ശുഭാപ്തി വിശ്വാസം വർദ്ധിപ്പിക്കുന്നതിനായി വ്യക്തിത്വവികസന സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളുടെ പഠനനിലവാരം വർദ്ധിപ്പിക്കാൻ ഓരോ ക്ലാസ്സിൽ നിന്നും മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി ഈ കുട്ടികളെ ദത്തെടുത്ത് പഠിപ്പിക്കുന്ന ഒരു രീതി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു. തന്നിട്ടുള്ള മൊഡ്യൂളുകളിൽ ഒതുങ്ങാതെ തുടർ പ്രവർത്തനം നടത്താൻ എല്ലാ  അധ്യാപകരും തയ്യാറായി. കുട്ടികളുടെ ബോധനപ്രക്രിയകൾ പ്രധാന അദ്ധ്യാപിക മോണിറ്ററിങ്ങ് നടത്തുകയും കോർഡിനേറ്റർ ദിവസവും കുട്ടികളുടെ പഠനത്തിൻ്റെ വിലയിരുത്തൽ ഫലങ്ങൾ രേഖപ്പെടുത്തുകയും അപ്ലോഡ് ചെയ്യുകയും ചെയ്യുന്നു.

# ശ്രദ്ധയിലൂടെ

കുട്ടി ആരോഗ്യത്തോടെ വളരുക. നല്ല നിലയിൽ പഠിക്കുക. മികവാർന്ന വ്യക്തിയായും, സമൂഹജീവിയായും വികസിക്കുക എന്നത് ഏത് രക്ഷിതാവിന്റെയും അദ്ധ്യാപകന്റെയും ആഗ്രഹവും ലക്ഷ്യവുമാണ്. വീട്ടിലും സ്കൂളിലുമായി ലഭി ക്കുന്ന അനുഭവങ്ങൽ. പരിഗണനകൾ, നേടുന്ന മുന്നറിവുകൾ വളർച്ചയിലും വികാ സത്തിലും നേരിടുന്ന വെല്ലുവിളികൾ, സഹജമായ താൽപ്പര്യങ്ങൾ എന്നിവ ഓരോ കുട്ടിയുടെയും മറ്റു കുട്ടികളുടേതിൽ നിന്ന് വ്യത്യസ്തമാണ് ഇതെല്ലാം പരിഗ ണിച്ച് മികവാർന്ന രീതിയിൽ കുട്ടികൾക്ക് വളരുവാനുള്ള സാഹചര്യം ഒരുക്കലാണ് 'ശ്രദ്ധ' എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഊന്നൽ ഇതിലൂടെ പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്താനും അവരെ മുൻനിരയി ലെത്തിക്കാൻ ആവശ്യമായ പഠന പിന്തുണ നൽകുന്നതിനും ലക്ഷ്യമിടുന്നു.

H.M., P.T.A., പ്രസിഡന്റ്, സ്റ്റാഫ് സെക്രട്ടറി S.R.G. കൺവീനർ അധ്യാപകർ എന്നിവർ നടത്തിയ പ്രഥമ മീറ്റിംങ്ങിൽ എല്ലാ പ്രവർത്തനങ്ങളിലും കുട്ടികൾക്ക് വ്യക്തിപരമായി പങ്കാലിത്തവും ശ്രദ്ധയും കൊടുക്കുന്നതിനും കഴിവുകൾ കണ്ടെത്തുത്തതിനുമുള്ള പ്രവർത്തനക്രമങ്ങൾ ആസൂത്രണം ചെയ്യുകയും അതനുസരിച്ച് ടൈടേബിൾ നൽകുകയും ചെയ്തു. ആദ്യഘട്ടത്തിലെ പ്രവർത്തനാനുഭവങ്ങൾ അധ്യാപകർ വികസിപ്പിച്ചെടുത്ത പുതു പ്രവർത്തന രീതികൾ എന്നിവ വിലയിരുത്തി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നന്നാക്കുവാനുള്ള ശ്രമങ്ങൾ നടത്തി നല്ലരീതിയിൽ ഏകദിന ക്യാമ്പും ഒന്നിടവിട്ട ദിവസങ്ങളിൽ അതാതു വിഷയങ്ങൾക്ക് പഠന പ്രവർത്തനങ്ങളും നടത്തി. ആദ്യഘട്ടത്തിൽ കുട്ടികൾ രചനകൾ ചിത്രങ്ങൾ റിപ്പോർട്ടുകൾ തുടങ്ങി അവരവരുടെ കഴിവുകൾ അനുസരിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി കുറവുകൾ പറഞ്ഞ് കൊടുത്ത് കൂടുതൽ മെച്ചപ്പെട്ടരീതിയിൽ കുട്ടികൾക്ക് ഉൽപ്പന്നങ്ങളെ വിലയിരുത്തുവാൻ സാധിച്ചു.

ഇത്തരം സ്വയം വിലയിരുത്തലുകളെ I can കുറിപ്പുമായി കുട്ടിയുടെ പ്രൊഫൈലിനോടൊപ്പം തിയ്യതിയിട്ട് അടക്കിവെയ്ക്കുന്നു.

# അസംബ്ലി

ബെത്‌ലേഹം ഹയർസെക്കണ്ടറി വിദ്യാലയത്തിൽ ഓരോ പ്രവർത്തി ദിനവും ആരംഭിക്കുന്നത് പ്രാർത്ഥനയോടെയാണ് പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽഅധ്യാപകരും, വിദ്യാർത്ഥികളും ഒന്നിച്ച് ചേരുന്നു. ഓരോ ആഴ്ച ഓരോ ക്ലാസ്സ് മാറിമാറി അസംബ്ലിക്ക് നേതൃത്വം നൽകുന്നു. ആഴ്ച്ചയിലെ അഞ്ച് പ്രവർത്തി ദിവസങ്ങളിൽ മൂന്ന് ദിവസം മാതൃഭാഷയിലും, മറ്റ് രണ്ട് ദിവസങ്ങളിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷയിലുമാണ് അസംബ്ലി,

പ്രാർത്ഥനയ്ക്ക് പുറമെ പ്രതിജ്ഞ, പത്രവായന, ദേശീയഗാനം. ഇവ പതിവായി ചെയ്തുവരുന്നു. വിദ്യാർത്ഥികളിൽ ഭാഷാജ്ഞാനം ആഴപ്പെടുത്തണമെന്ന ആഗ്രഹത്തോടെ ഓരോ ദിവസവും ഓരോ കാര്യങ്ങൾ ചെയ്തുവരുന്നു.

സാഹിത്യകാരന്മാരെ പരിചയപ്പെടുന്നതിൻ്റെ ഭാഗമായി ഏതെങ്കിലും ഒരു സാഹിത്യ കൃതി, അതായത് കഥ, കവിത, തിരക്കഥ, കാർട്ടൂൺ തുടങ്ങിയവ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്നു. അതിനുശേഷം ഓരോന്നായി അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. ഉദാഹരണമായി ഒറു കവിത പരിചയപ്പെടുത്തുകയാണെങ്കിൽ, ആദ്യം കവിയെ പരിചയപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ഒരു കവിത ആലപിക്കുന്നു അതിൻ്റെ ആന്തരാർത്ഥം വ്യക്തമാക്കുന്നു. കവിയുടെ ഇതര കൃതികൾ, കാലഘട്ടം, ലഭിച്ച പുരസ്ക്കാരങ്ങൾ. നൽകിയ സംഭാവനകൾ ഇവ വ്യക്തമാക്കികൊടുക്കുന്നു.

ഇടയ്ക്ക് കവിയരങ്ങ് സംഘടിപ്പിക്കുന്നു. മൂന്നോ-നാലോ കവികളെ തെരഞ്ഞെടുത്ത് അവരുടെ കവിതകളിൽ എട്ട് വരിയെങ്കിലും ഓരോരുത്തരായ് അവതരിപ്പിക്കുന്നു. കൂടാതെ കഥയരങ്ങ് സംഘടിപ്പിക്കുന്നു. കുട്ടിക്കഥകളും, ചെറുകഥകളും ഇതിനായ് തെരഞ്ഞെടുത്ത് അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

നോവലിസ്റ്റുകളെയും, തിരക്കഥാകൃത്തുക്കളേയും, സഞ്ചാരസാഹിത്യകാരന്മാരെയും. അവരുടെ പ്രധാന സംഭാവനകളേയും, ജീവചരിത്രത്തേയും പരിചയപ്പെടുത്താൻ അവസരം നൽകുന്നു ചില സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ കൊണ്ടുവന്ന് ഓപ്പൺ

അസംബ്ലിയിൽ കാണിച്ച് പുസ്തകത്തിൻ്റെ ഉള്ളടക്കവും. അത് എഴുതിയ വ്യക്തിയേയും പരിചയപ്പെടുത്തുന്നു.

ഇടയ്ക്ക് അസംബ്ലിയിൽ ക്വിസ് മൽസരം നടത്താറുണ്ട് പഠിക്കേണ്ട ഭാ ഗം മുൻക്കൂട്ടി പറയുന്നു. സാഹിത്യവും. പൊതുവിജ്ഞാനവും പത്ര വാർത്തയും എല്ലാം ക്വിസിന് വിഷയമായി നൽകുന്ന. വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം കൊടുക്കുകയും ചെയ്യുന്നു.

നാടകവും, സ്കിറ്റും അവതരിപ്പിക്കുന്നു. ഇതിന് വിഷയം വിദ്യാർത്ഥികളുടെ പാഠപുസ്തകം തന്നെയാണ്. 8-ാം ക്ലാസ്സിലെ അമ്മമ്മ' എന്ന പാഠവും, "തേൻകനി" എന്ന നാടകവും. കുട്ടികൾ അസംബ്ലിയിൽ അവതരിപ്പിക്കുകയുണ്ടായി ഓരോ ക്ലാസ്സിലേയും എല്ലാക്കുട്ടികൾക്കും അവസരം ലഭിക്കുന്നതിന് എല്ലാ വിഭാഗം വിദ്യാർത്ഥികളെയും രംഗത്തു കൊണ്ടുവരുന്നതിനും വേണ്ടി, പഠിക്കുന്ന പാഠഭാഗങ്ങളിലെ കഥാപാത്രങ്ങളെ എടുത്ത് കഥാപാത്ര നിരൂപണം, ആസ്വാദനക്കുറിപ്പുകൾ ഇവ അവതരിപ്പിക്കുന്നു.

കൂടാതെ രചനാമത്സരങ്ങളിൽ ആഭിമുഖ്യമുള്ളവരെ കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി മത്സരങ്ങൾ സംഘടിപ്പിച്ച് ഇവ എല്ലാവർക്കും വായിക്കുന്നതിനായ് പ്രദർശിപ്പിക്കുകയും മികച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഒപ്പം തന്നെ കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ വായനാക്കുറിപ്പ് മത്സരം നടത്തി മികച്ചവയ്ക്ക് സമ്മനം നൽകുകയും ചെയ്യുന്നു.

പ്രത്യേക ദിനാചരണവും, അതിനോടനുബന്ധിച്ചുള്ള പരിപാടി സംഘടിപ്പിക്കുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയും, നാടിന്റെ തനിമയും ഓർമ്മിച്ചെടുക്കാൻ വേണ്ടി നാടൻപാട്ട്, ദേശഭക്തിഗാനം. പ്രസംഗം ഇവ നടത്തുന്നു. കായിക രംഗങ്ങളിലും, പഠനത്തിലും പെരുമാറ്റത്തിലും മികവ് പുലർത്തുന്നവരെ പൊതു അസംബ്ലിയിൽ പ്രത്യേകം അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

ഒരു വ്യക്തിയിൽ അന്തർലീനമായി കിടക്കുന്ന സർഗ്ഗശക്തിയെ പുറത്തുകൊണ്ടുവരുകയാണ് യഥാർത്ഥ വിദ്യാഭ്യാസത്തിൻ്റെ ലക്ഷ്യം എന്ന് ഗാന്ധിജി പറഞ്ഞ വാക്കുകൾ അന്വർത്ഥമാക്കാനുള്ള അവസരവും വേദിയും നൽകി നാളെയുടെ വാഗ്ദാനങ്ങളെ വാർത്തെടുക്കാൻ

അറിവും അക്ഷജ്ഞാന വും. അച്ചടക്കവുമുള്ളവരാക്കാൻ
വിദ്യാലയത്തിലെ അനുദിന അസംബ്ലി അതി പ്രധാന പങ്ക് വഹിക്കുന്നു.

# <u>പ്രവർത്തന വിശദാംശങ്ങൾ</u>

## ➢ <u>മേഖല – മലയാളം</u>

***ലക്ഷ്യം 1** :- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

(മലയാളതിളക്കം)

**Activity**

- Pre-Test ( 03-06-24)

- അക്ഷരം ഉറപ്പിക്കൽ

- വാക്യങ്ങൾ നിർമ്മിക്കൽ

- ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്

Duration ( June – July )

രണ്ടു മാസം

ഭൗതികം :- പുസ്തകങ്ങൾ, C.D

പിന്തുണ:- P. T . A , B R C

***ലക്ഷ്യം 2** :- കരിക്കുലം ലഭ്യമാക്കുന്ന എല്ലാം മലയാള ഭാഷാ പഠന

നേട്ടങ്ങളും എല്ലാം കുട്ടികളും ആർജിക്കുക.

**Activity**

- സിലബസിനനുസരിച്ച് പാഠഭാഗങ്ങളിലൂടെയുള്ള

പ്രവർത്തനങ്ങൾ

- പുസ്തകചർച്ച - വായനാനുഭവം പങ്കുവെയ്ക്കൽ

- പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുക.

Duration ( August - December )

ഭൗതികം :- ക്ലാസ്സ്, ലൈബ്രറി, ഗ്രന്ഥശാല, പത്രങ്ങൾ, ഇൻർനെറ്റ്.

***ലക്ഷ്യം 3** :- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മാലയാള ഭാഷ സംസാരിക്കനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

**Activity**

- ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ (5 പേർ അടങ്ങുന്ന ഗ്രൂപ്പ് ).

- വായനോത്സവം സംഘടിപ്പിക്കൽ.

- വായനാകുറിപ്പ് അസംബ്ലി.

- ആനുകാലിക പ്രസദ്ധീകരണങ്ങളും വായനയും.

Duration

6 മാസം

പിന്തുണ :- PTA, SCERT

***ലക്ഷ്യം 4** :- മാതൃഭാഷയെന്ന നിലയിൽ സംസ്കാരത്തിൻ്റെ വിനിമയോപാധി എന്ന നിലയിൽ മലയാള സാഹിത്യപഠനത്തിൽ താല്പര്യം വളർത്തുക, ഭാഷാ കഴിവ് നേടുക.

**Activity**

- സാഹിത്യകാരന്മാരുമായുള്ള സംവാദം.

- അഭിമുഖം.

- സെമിനാർ നടത്തുക.

- ആസ്വാദനകുറിപ്പ്

Duration (January – March)

ഭൗതികം : - സാഹിത്യകാരന്മാർ, പുസ്തകങ്ങൾ, ലൈബ്രറി,

പത്രവായന, ആനുകാലിക

പ്രസദ്ധീകണങ്ങൾ

പിന്തുണ :- ഗ്രന്ഥശാല, പഠനയാത്ര, അധ്യാപകർ.

## ➢ <u>മേഖല – *English*</u>

***objectives 1** :- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവങ്ങൾ ഉള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക

***Activities***

- Young talents

- Drama camp

- News reading

- Recitation

- Speech

- Expose them to books from a variety of genres

Duration :- 1 year

Support :- PTA

Class :- 8, 9, 10

***objectives 2** :- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.*

***Activities***

- Finding an  English Speaking Conversation Partner in the class.
- Interact with native speakers through Skype.
- Record your conversation and practice.
- Practice  With English music.
- Watch English Movies, cartoons and interviews on television.
- Read alond the journals.
- Interview great personalities in English.
- Role Play.
- Discuss and debate.

Duration  :- January 2024 to 2025

Support   :- PTA

Class       :- 8, 9, 10.

**** objectives 3*** :- ലോകഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ കഴിവ് നേടുക.

***Activities***

- Notice board Quiz
- Skim reading

- Intensive reading

- E – reading

- Poetry in motion

- Retelling the story

- Newspaper reading

Duration :- August to December

Support :- PTA

Class :- 8, 9, 10

***Objectives 4*** *:-* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

***Activities***

- Reading Corner

- class/School library

- Use interactive books

- Take the pupils to the local library

- Book Club

- Visit a bookstall

- listen to audio books

- Invite writer to speak

Duration :- Janurary 2025 to March 2025

Support :- PTA

Class : - 8, 9, 10

**** objectives 5 :-*** ഇംഗ്ലീഷ് ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

***Activities***

- Worksheets

- Exercises

- various Discourses ( letters, dairy, conversation,reports, Notice , . Profile,

Review, character sketch, Description )

Duration :- January 2025 to March 2025

Support :- PTA

Class :- 8, 9, 10

**** objectives 6*** :- English ഭാഷാപഠനത്തിൽ IT യുടെ സാധ്യത

പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

***Activities***

- Referring digital dictionary

- E- reading

- Recording audio comments

- Blogs

- online library

- Digital skill acquisition

Duration :- January 2025 to March 2025

Support :- PTA

Class :- 8, 9, 10

****Objectives 7 :-*** ഇംഗ്ലീഷ് ഭാഷാപഠനശേഷി വികസിപ്പിക്കുക.

***Activities***

- English theatre

- Journals, Magazines

- English Assembly

Duration:- January 2025 to March 2025

Support :- PTA

Class :- 8, 9, 10

****Objectives 8*** :- CWSN കുട്ടിക നേർധാരയിൽ എത്തിക്കുക.

***Activities***

- Language games

- Songs

- Cartoons

- Video Clipping

- Painting

Duration :- January 2025 to March 2025

Support :- PTA, IED Trainer

Class :- 8, 9, 10

## ➢ മേഖല – ഹിന്ദി

***ലക്ഷ്യം 1** :- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള ശേഷി

വികസിപ്പിക്കൽ.

**Activities**

- പരീക്ഷ നടത്തി വിശകലനം ചെയ്ത് മികവുകളും കുറവുകളും കണ്ടെത്തുന്നു.

- വായനാ പരിശീലനം

- ഹിന്ദി വിഷയത്തിന്റെ കോപ്പി എഴുതിപ്പിക്കും

Duration :- June to July

ചുമതല :- ഹിന്ദി ടീച്ചർ

***ലക്ഷ്യം 2** :- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

**Activities**

- അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന വേണ്ടി അക്ഷര കാർഡ് നിർമ്മാണം.

- വാക്യം നിർമ്മിക്കൽ.

- വാക്കുകൾ എഴുതിയ കാർഡ് നിർമ്മിക്കും.

Duration :- August

ചുമതല :- ഹിന്ദി ടീച്ചർ

***ലക്ഷ്യം 3 :-** ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.

**Activities**

- ഹിന്ദി ഡോക്യുമെന്ററി സിനിമകൾ കാണാനുള്ള അവസരം.

- ഹിന്ദി ലേഖകരുമായുള്ള വീഡിയേ കോൺഫ്രൻസ് നടത്തും.

- സ്കൂൾത റേഡിയോ സ്റ്റേഷനിൽ സമയം നൽകി വാർത്താവതരണം.

- ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം.

Duration :- September to November

ചുമതല :- ഹിന്ദി ടീച്ചർ

***ലക്ഷ്യം 4 :-** ഹിന്ദി സഹിത്യത്തെ പരിചയപ്പെടുത്തൽ.

**Activities**

- പ്രശ്നോത്തരി നടത്തും

- ദോവാകളുടെ അർത്ഥം കണ്ടു പിടിക്കൽ

- കവി പരിചയം

Duration :- December

ചുമതല :- ഹിന്ദി ടീച്ചർ

***ലക്ഷ്യം 5** :- ഹിന്ദി ഭാഷാ പഠനശേഷി വികസിപ്പിക്കൽ.

**Activities**

- കഥാരചന, കവിതാരചന, ഉപന്യാസം എന്നിവ എഴുതിപ്പിക്കും.

- വായനാ കുറുപ്പ് , ആസ്വാദന കുറുപ്പ് തയ്യാറാക്കൽ.

- വ്യക്തിഗത രചന, സംഘരചന തയ്യാറാക്കും.

Duration :- December

ചുമതല :- ഹിന്ദി ടീച്ചർ

***ലക്ഷ്യം 6 :-** പരീക്ഷാ വിജയത്തിനായുള്ള പ്രവർത്തനം.

**Activities**

- S.S.L.C വിദ്യാർത്ഥികൾക്ക് ഹിന്ദി വിഷയത്തിൽ മികവ് തെളിയിക്കാ ഓരോ പാഠഭാഗങ്ങളും പരീക്ഷ നടത്തും.

- S.S.L.C വിദ്യാർത്ഥികൾക്ക് മുൻഗണന നൽകികൊണ്ട Evening, Morning ക്ലാസുകൾ.

- പരീക്ഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക

പഠന ക്ലാസ്സ് നടത്തും.

Duration :- January to March

ചുമതല :- ഹിന്ദി ടീച്ചർ

## ➤ മേഖല :- ഗണിതം

***ലക്ഷ്യം 1** :- ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.

**Activities**

- അർധവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളെ അവരുടെ പഠനനിലവാരത്തിനനുസരിച്ച് തരം തിരിക്കുന്നു.

- Question Bank

- Math's Blogs

- Extra Coaching

- Exam series

- Classes from professionals

- Library Books

- Question Making

Duration :- January 2025 to March 2025

Support :- PTA, Mathematics teachers incharge

***ലക്ഷ്യം 2** :- കരിക്കുല ലക്ഷ്യമാക്കു എല്ലാ ഗണിത

പഠനനേട്ടങ്ങളും എല്ലാ കുട്ടികള ആർജിക്കുക.

**Activities**

- Completing syllabus

- unit test

- Remedial teaching

- Special Coaching for basic

- Worksheet operations

Duration :- January 2025 to March 2025

Support :- PTA, Mathematics teachers incharge

***ലക്ഷ്യം 3** :- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും പരിമിതിയുള്ള കുട്ടിക്ക അത് മറി കടക്കാ പിന്തുണ നൽകുക.

**Activities**

- Satgamaya , Navaprabha , Sradha

Duration :- January 2025 to March 2025

Support :- PTA, Mathematics teachers incharge

***ലക്ഷ്യം 4 :-** ഗണിത പഠനത്തിൽ ICT-യുടെ സാധ്യത പ്രയോജപ്പെടുത്താനുള്ള കഴിവ് നേടുക.

**Activities**

- Math's Blog

- Social Network , Samagra

- Geometry through Geogibra

Duration :- July 2024 to March 2025

Support :- PTA, Mathematics teachers incharge.

***ലക്ഷ്യം 5** :- ഗണിത അധ്യാപക ശാക്തീകരണം.

**Activities**

- Classes from professionals

- Laptop for every teacher

- Resource training

Duration :- July 2024 to March 2025

Support :- SCERT, BRC, DIET

***ലക്ഷ്യം 6** :- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

**Activities**

- Basic operations though abacus

- Games and Short Puzzles

- Through Pictures and Stories

- IED Training

Duration :- July 2024 to March 2025

Support :- PTA, Mathematics teachers incharge.

## ➢ മേഖല :- സാമൂഹ്യശാസ്ത്രം

***ലക്ഷ്യം 1** :- സാമൂഹശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ മറികടക്കാൻ പിന്തുണ നൽകുക.

**Activities**

- പ്രീടെസ്റ്റ് നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കൂടുതൽ സമയം എടുത്ത് ലഘുവായ പഠന പ്രവർത്തനങ്ങളിലും പരിമിതി മറി കടക്കാൻ സഹായിക്കുന്നു.

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ സമയം ചിലവഴിച്ച് (Evening , Morning)class കളിലൂടെ അറിവ് വർദ്ധിപ്പിക്കുന്നു.

- സദ്ഗമയ, വീഡിയോ ക്ലിപ്പുകൾ ,ചാർട്ട് എന്നിവ ഉപയോഗിച്ച് ലളിതമായ മാർഗ്ഗത്തിലൂടെ പഠനശേഷി വികസിപ്പിക്കുന്നു.

- ഗാനങ്ങൾ , ലഘുവിവരണങ്ങൾ, സ്കിറ്റുകൾ എന്നിവയിലും പാഠഭാഗം ലളിതമാക്കുന്നു.

Duration :- January 2025 to March 2025

Support :- S.S.A, BRC

Class :- 8, 9, 10

Materials :- C. D,നവപ്രഭ , ശ്രദ്ധ , സദ്ഗമയ.

***ലക്ഷ്യം 2** :- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

**Activities**

- പരീക്ഷ നടത്തുന്നു എല്ലാ നേട്ടങ്ങളും ആർജ്ജിക്കാത്ത കുട്ടികളെ ലഘു പ്രവർത്തനങ്ങൾ Video clip , chart , ചിത്രങ്ങൾ മുതലായവയിലൂടെ കൂടുതൽ അറിവ് വർദ്ധിപ്പിക്കുന്നു.

- Remedial teaching നടത്തുന്നു. പരീക്ഷ എടുക്കുന്നു.

- വർക്ക്ഷിറ്റുകൾ നൽകി അവയുടെ ഉത്തരങ്ങൾ

കണ്ടെത്തുന്നു.

- I . C . T സാധ്യത ഉപയോഗിച്ച് പഠിപ്പിക്കുന്നു.

Duration :- January 2025 to March 2025

Support :- S.S.A, BRC

Class :- 8, 9, 10

Materials :- C. D , സദ്ഗമയ, പാഠ പുസ്തകം.

***ലക്ഷ്യം 3** :- സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.

**Activities**

- പഠനവുമായി ബന്ധപ്പെട്ട ദൃശ്യാവിഷ്കാരങ്ങൾ , നാടകം, സ്കിറ്റ് എന്നിവയിലൂടെ ഭൂമിയെ അറിയുന്നതിനും, കഴിവും മനോഭാവവും വളർത്താൻ സഹായിക്കുന്നു.
- ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകളുടെ നിർമ്മാണം, C.D എന്നിവയിലൂടെ ഭൂമിയുടെ ചലനം നിരീക്ഷിക്കുന്നു.
- Working Models ഉപയോഗിക്കുന്നു

Duration :- June, July

Class :- 8, 9, 10

Materials :- C. D, working Model

***ലക്ഷ്യം 4** :- സാമൂഹ്യ ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.

**Activities**

- സ്കൂൾ ലൈബ്രറിയിൽ നിന്ന് സാമൂഹ്യശാസ്ത്ര പഠനശേഷി

വികസിപിക്കുന്ന പുസ്തകങ്ങൾ വായിച്ച് കുറിപ്പു തയ്യാറാക്കൻ നിർദേശിക്കുന്നു.

- I.C. T സാധ്യത ഉപയോഗിച്ച് പഠന ശേഷി വർദ്ധിപ്പിക്കുന്നു.

Duration :- 2 Months

Support :- SRG , BRC

Class :- 8, 9, 10

Materials :- I.C. T , Books

***ലക്ഷ്യം 5** :- സമൂഹ്യശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.

**Activities**

- ദിനാചരണങ്ങൾ സമുചിതമായി ആചരിക്കൽ റിപ്പോർട്ട് അവതരിപ്പിക്കൽ.

- നാട്ടകം , സ്കിറ്റ് മുതലായവയിലൂടെ ജനാധിപത്യബോധം വികസിപ്പിക്കുന്നു.

- പാഠഭാഗങ്ങൾ ഡിജിറ്റലൈശേഷൻ നടത്തി അവതരിപ്പിക്കുന്നു.

Duration :- October November

Support :- SRG

Class :- 8, 9, 10

Materials :- ICT , Skit , Nadakam.

***ലക്ഷ്യം 6** :- സാമൂഹ്യശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് ആനുയോജ്യമാക്കുക.

**Activities**

- ഭരണഘടനയിലെ സ്ത്രീകൾക്കനുകൂലമായ ഭാഗങ്ങൾ വായിച്ച കേൾപിക്കുന്നു.

- പെൺകുട്ടികളുടെ പദവി ഉയർത്തുന്ന പാഠഭാഗങ്ങൾ വിശദമാക്കുന്നു.

- 8, 9, 10 class ലെ പാഠപുസ്തകങ്ങൾ.

- സെമിനാറുകൾ

- വർക്ക്ഷീറ്റ് പൂരണം

Duration :- 1 month

Support :- S.S.A

Class :- 8, 9, 10

Materials :- C. D, Library Books

***ലക്ഷ്യം 7 :-** സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതീനു സാമൂഹ്യ ശാസ്ത്രത്തെ പ്രയോജപ്പെടുത്തുനുള്ള കഴിവും മനോഭാവവും നേടുക.

**Activities**

- മഹാന്മാരുടെ ജീവചരിത്രത്തിന്റെ C. D കാണിക്കുന്നു.

Eg:- ഗാന്ധിജി, നെഹ്റു, അബ്രഹാം ലിങ്കൺ.

- നല്ല ആദർശങ്ങളുള്ള വ്യക്തികളുടെ ജീവചരിത്രം വായിക്കാൻ കൊടുക്കുന്നു.

- C.D പ്രദർശനം

***ലക്ഷ്യം 8** :- സാമൂഹ്യ ശാസ്ത്ര അധ്യാപക ശാക്തീകരണം.

**Activities**

- അധ്യാപകരാണീകരണത്തിന് ഓരോ പാഠവും ICT യുമായി ബന്ധിപ്പിച്ച് പഠിപ്പിക്കുവാൻ പ്രാപ്തരാകുക.
- പരിശീലന class കളിൽ കടുപ്പമേറിയ പാഠഭാഗങ്ങൾ ICT ഉപയോഗിച്ച് പഠിപ്പിക്കുക.
- ഭൂമിശാസ്ത്ര പാഠഭാഗങ്ങൾ ICT ഉപയോഗിച്ച് വ്യക്തതവരുത്തുക.

Support :- S.S.A, BRC

Class :- 8, 9, 10

Materials :- ICT

***ലക്ഷ്യം 9**:- സമൂഹ്യശാസ്ത്ര പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ്.

**Activities**

- സാമൂഹ്യശാസ്ത്ര ലാബ്,അടച്ചുറപ്പുള്ള class room .
- ചിത്രിങ്ങൾ :- ഭൂമിയുടെ ഉള്ളറ

Materials :- സ്റ്റീരിയോ പെയർ, സ്റ്റീരിയോ സ്കോപ്പ് GPS satellite (Model) മഴമാപിനി, തെർമോമീറ്റർ.

## ➢ മേഖല - ഭൗതികശാസ്ത്രം, രസതന്ത്രം

***ലക്ഷ്യം 1** :- ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ

അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

**Activities**

Pre Test നടത്തും കണ്ടെത്തും കണ്ടെത്തിയവർക്ക് വിദഗ്ദരുടെ ക്ലാസ്സ് ക്കെടുക്കും. ലൈബ്രറിയിലെ ശാസ്ത്രപുസ്തകങ്ങൾ പ്രയോജനപ്പെടുത്തും. IT പ്രയോജനപ്പെടുത്തും അഡീഷണൽ Learning materials നൽകും.

Duration :- January 2025 to March 2025

Class :- 8, 9

***ലക്ഷ്യം 2** :- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

**Activities**

സിലബസ് അനുസരിച്ച് പാഠപുസ്തകങ്ങൾ കൈകാര്യം ചെയ്യും ഓരോ യൂണിറ്റിനു ശേഷവും. Unit test നടത്തി പഠന പുരോഗതി വിലയിരുത്തും. പഠനനേട്ടങ്ങൾ ആർജിക്കാത്തക്ക് Remedial teaching നടത്തും.

Duration :- January 2025 to February 2025

Class :- 8, 9

***ലക്ഷ്യം 3** :- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുന്ന നൽകുക.

**Activities**

അധികസമയം എടുത്ത് കുറച്ചകുടി ലഘുവായ രീതിയിൽ വ്യത്യസ്ത

പ്രവർത്തനങ്ങൾ [ പരീക്ഷണം നിരീക്ഷണം, നിഗമനം, പ്രോജക്ട് ] .

Duration :- June 2024 to August 2024

Class :- 8, 9, 10

***ലക്ഷ്യം 4 :-** ശാസ്ത്രചിന്ത, ശാസ്ത്രബോധം ശാസ്ത്രനൈപുണി Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. Science Quiz , Seminar , Project work, ദിനാചരണങ്ങൾ, കുസാറ്റ് സന്ദർശനം ശാസ്ത്രജ്ഞന്മാരുമായുള്ള സംവാദം.

Duration :- January 2025 to March 2025

Class :- 8, 9

***ലക്ഷ്യം 5** :- പാർശ്വവല്ക്കരിക്കപ്പെട്ട കുട്ടിക നേർധാരയിൽ എത്തിക്കുക.

**Activities**

കൂടുതൽ സ്നേഹം നൽകി അവരെ അവരുടെ പ്രശ്നങ്ങളിൽ കൈത്താങ്ങ് ആണെന്ന് ബോധ്യപ്പെടുത്തും. ചെറിയ നോട്ടുകൾ പഠനവിഷയത്തിൽ നൽകും. വീഡിയോ ക്ലിപ്പുങ്ങകൾ കാണിച്ച് പഠനം രസകരമാക്കി തീർക്കും. അങ്ങനെ അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരും.

Duration :- June to December

Class :- 8,

***ലക്ഷ്യം 6** :- ശാസ്ത്ര പഠനത്തെ IT യുടെ സാധ്യത

പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

**Activities**

പാഠഭാഗത്തോട് ബന്ധപ്പെട്ട കാര്യങ്ങളും അധികവിവരങ്ങളും ഇൻ്റർനെറ്റിൽ Search ചെയ്ത് കണ്ടുപിടിക്കാൻ വേണ്ട കഴിവ് നേടാൻ പ്രാപ്തരാക്കും.

Duration :- June

Class :- 10

***ലക്ഷ്യം 7** :- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

**Activities**

CWSN കുട്ടികളുമായി സംസാരിക്കാൻ ദിവസം ½ മണിക്കൂർ കണ്ടെത്തും. പാഠഭാഗങ്ങൾ അവരുടെ നിലവാരത്തിന് അനുയോജ്യമായ രീതിയിൽ ലഘുവാക്കും.

Duration :- January 2025 to March 2025

Class :- 8, 9, 10

## ➢ മേഖല :- ജീവശാസ്ത്രം

***ലക്ഷ്യം 1** :- ശാസ്ത്രത്തിൽ സവിശേ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

**Activities**

- ടെക്സ്റ്റ് ബുക്ക്ൽ ആഴപ്പെടുക.
- പുതിയ അറിവുകൾ ലഭിക്കത്തക്കവിധത്തിലുള്ള ICT സാധ്യതകൾ ലഭ്യമാക്കുക.

- ഇൻ്റർനെറ്റിലൂടെ വരുന്ന പുതിയ പരീക്ഷണങ്ങൾ, പഠനയാത്രകൾ, അറിവുകൾ, ലൈബ്രറി ബുക്കുകൾ എന്നിവ ഉപയോഗപ്പെടുത്തുക.

Duration :- 8 മാസം

***ലക്ഷ്യം 2** :- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

**Activities**

- ICT ഉപയോഗിക്കുക.
- പഠനസംബന്ധമായ ചെറിയ നോട്ടുകൾ ഉപയോഗപ്പെടുത്തുക.
- പരീക്ഷണങ്ങൾ പരിസ്ഥിതിയുമായി ബന്ധിപ്പിച്ച പഠനത്തിൽ ആഴപ്പെടുത്തുക.

Duration :- 6 മാസം

***ലക്ഷ്യം 3** :- ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണ്യം Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

**Activities**

- Field trip യാത്രകൾ സംഘടിപ്പിക്കുക [ പഠനയാത്രകൾ] ക്വിസ് സംഘടിപ്പിക്കുക , ICT സാധ്യതകൾ എത്തി പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിക്കും.
- ശാസ്ത്ര പുസ്തകങ്ങൾ പരിസ്ഥിതിയുമായി പരിയപ്പെടുത്തുക.
- പ്ലകാർഡുകൾ, നോട്ടീസുകൾ എന്നിവ ഉപയോഗപ്പെടുത്തുക.

Duration :- 4 മാസം

***ലക്ഷ്യം 4 :-** ശാസ്ത്ര പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

**Activities**

- ICT യിൽ താല്പര്യ ഉണർത്തുന്ന തരത്തിൽ ശാസ്ത്രകളികളിൽ പങ്കെടുക്കുക. ശാസ്ത്രവീഡിയോ പരിചയപ്പെടുത്തുക.
- ശാസ്ത്ര ചിത്രങ്ങൾ പരിചയപ്പെടുത്തുക.

Duration :- 3 മാസം

***ലക്ഷ്യം 5 :-** ശാസ്ത്രപഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പയോജനപ്പെടുത്തുക.

**Activities**

- ശാസ്ത്ര നാടകങ്ങൾ കളിപ്പിക്കുക.
- ക്വിസ് നടത്തുക.
- സംവാദം നടത്തുക.

Duration :- 5 മാസം

ഭൗതികം :- പുസ്തകങ്ങൾ, CD

Support :- PTA,BRC, SCERT

## ➢ മേഖല :- ആരോഗ്യകായികം

***ലക്ഷ്യം 1** :- എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി ലക്ഷ്യം

വയ്ക്കുന്നു.

**Activities**

പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വഴക്കം ഉറപ്പാക്കും. ദിവസേന വ്യായാമങ്ങൾ ചെയ്യിപ്പിക്കും. സിലബസനുസരിച്ചുള്ള ക്ലാസുകൾ എടുക്കും.

Duration :- June to March

ചുമതല :- Physical Education Teacher

* **ലക്ഷ്യം 2** :- ഭയം മാനസിക പിരിമുറക്കമുണ്ടാക്കുന്ന സാഹചര്യം ഉത്കണ്ഠ എന്നിവയിൽ നിന്ന് കുട്ടിയെ വിമുക്തമാക്കും

**Activities**

- വിവിധതരത്തിലുള്ള യോഗ പരിശീലനം കൊടുക്കും.

ഹലാസനം, വക്രാസനം, വ്യാഘ്രാസാനം, വൃക്ഷാസനം etc .......

- IT പ്രയോജനപ്പെടുത്തും

Duration :- 3 മാസം

***ലക്ഷ്യം 3** :- ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിയ്ക്കാൻ പ്രാപ്തരാക്കും.

**Activities**

- ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവങ്ങളും വളർത്താൻ വിദഗ്ദ്ധരുടെ ക്ലാസ്സുകൾ ഉപയോഗപ്പെടുത്തും.

- IT പ്രയോജനപ്പെടുത്തും.

- ആരോഗ്യശീലങ്ങളെക്കുറിച്ചും മികച്ച ആരോഗ്യം വൈരിക്കുന്നതിനുള്ള മാർഗങ്ങളെ സംബന്ധിച്ചും ചർച്ചകൾ നടത്തും.

Duration :- 1 മാസം [January]

ചുമതല :- Physical Education Teacher

***ലക്ഷ്യം 4** : - കളികളിൽ പങ്കെടുക്കാനും ആസ്വദിയ്ക്കാനും സാമൂഹിക സാംസ്കാരിക ഐക്യം സൃഷ്ടിക്കാനും കുട്ടികളെ സജ്ജരാക്കും. അതോടൊപ്പം തന്നെ കായിക താരങ്ങളക്കുറിച്ചും അറിവ് കൊടുക്കും.

**Activities**

- വിവിധ കളികളെക്കുറിച്ച് പഠിപ്പിയ്ക്കുന്നു.
- പരിശീലകരെ നിയമിയ്ക്കുന്നു.
- ICT പ്രയോജനപ്പെടുത്തുന്നു.
- സൗഹൃദമത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

Duration :- June to March

ചുമതല :- Physical Education Teacher

***ലക്ഷ്യം 5** :- പരാജയങ്ങളിൽ സംയമനം പാലിയ്ക്കാൻ പഠിപ്പിയ്ക്കുന്നു.

**Activities**

- Minor game കളെ പരിചയപ്പെടുത്തുന്നു.

- വിവിധ മത്സരങ്ങൾ IT ഉപയോഗിച്ച കാണിച്ച് കൊടുക്കുന്നു.

- വൈകല്യമുള്ള കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് game കൾ കൊടുക്കാൻ ട്രെയിനേഴ്സിനെ പ്രയോജനപ്പെടുത്തുന്നു.

Duration :- 15 മാസങ്ങളിൽ ഇടയിൽ നടത്തുന്നു.

ചുമതല :- Physical Education Teacher

## ➢ മേഖല :- Information Technology

*ലക്ഷ്യം 1 :- സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**Activities**

- Digital Library
- Training in digitalization
- Question Paper Hub
- Samagra [ E – portal ]
- Training in Hardware and Software
- Blog
- Malayalam Typing

Duration :- January to March

Support :- PTA, SITC , Teacher, KITE, SCERT, BRC

***ലക്ഷ്യം 2 :-** സാങ്കേതിക വിദ്യാപഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള

കഴിവും മനോഭാവവും നേടുക.

**Activities**

- Website നിർമ്മാണം
- Projects
- E- Newspaper
- Blog

Duration :- January to March

Support :- PTA, SITC , KITE, SCERT

***ലക്ഷ്യം 3 :-** CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

**Activities**

- Games , Malayalam Typing

Duration :- June 2024 – December 2024

Support :- SITC , IED Trainer,PTA

## ➢മേഖല :- വിദ്യാരംഗം കലാസാഹിത്യ വേദി

കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുന്നതിൽ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. അക്ഷരജ്ഞാനം വളർത്തി സാഹിത്യരൂപങ്ങളിലൂടെ അവടെ വികസിപ്പിക്കുമ്പോഴാണ് മാതൃഭാഷയുടെ ലക്ഷ്യം പൂർണ്ണമാകു

ജൂൾ ആദ്യവാരത്തോടെ വിദ്യാർത്ഥികളെ വിളിച്ചുകൂട്ടി യോഗം ചേർന്നു. ലീഡർമാരെ തിരഞ്ഞെടുത്തു. വിദ്യാരംഗത്തിൻ്റെ നേതൃതത്തിൽ മലയാളം അദ്ധ്യാപികയുടെ സഹായസഹകരണങ്ങളോടെ വിദ്യാരംഗം പ്രവർത്തനങ്ങൾ മുന്നേറുന്നു.

വിദ്യാരംഗം സലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ബുധനാഴ്ച്ച സർഗ്ഗവേളകൾ ക്ലാസ്സുകളിൽ നടത്തിവരുന്നു.സർഗ്ഗവേളകൾ

ഉപകാരപ്രദമാകുന്നതിന് മുൻകൂട്ടി നിർദ്ദേശംനൽകുകയും പരിപാടികൾ വ്യക്തമായി നിർദ്ദേശിക്കുകയും ചെയ്

വായനാവാരാഘോഷം സാഹിത്യവേദി പ്രവർത്തനങ്ങളോട് ഒപ്പം ചേർത്തുകൊണ്ടുപോകുന്നു. ഹയർ സെക്കണ്ടറി അദ്ധ്യാപിക ഗെൻസി ലാസർഹെഡ്മിസ്ട്രസ്സ് എന്നിവരുടെ ആശീർവാദങ്ങളോടെ ഉദ്ഘാടനം നിർവഹിച്ചു. സാഹിത്യത്തിന്റെ ശക്തി പുസ്തകങ്ങളിലൂടെ തിരിച്ചറിഞ്ഞ് വായനാകുറിപ്പുകൾ തയ്യാറാക്കി. അക്ഷരജ്ഞാനം വർദ്ധിപ്പിക്കുന്നതിൽ പുസ്തകങ്ങൾക്കുള്ള പങ്ക് ശ്രദ്ധേയമാണ്. തുടക്കക്കാർക്ക് ചെറിയ പുസ്തകങ്ങളും, അല്ലാത്തവർക്ക് നോവലുകളും, പ്രബന്ധങ്ങളും നൽകി. ക്ലാസ്സ്റൂം വായനാ മൂലകളും ഉപകാരപ്രദമായി. വായിച്ച പുസ്കതങ്ങളെ കുറിച്ച് അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്തു. വായനാകളരിയുടെ ഉദ്ഘാടനത്തോടെ വിദ്യാലയത്തിൽ പത്രവായ എല്ലാ കുട്ടികൾക്കും പത്രം കൈകളിലെത്തുക എന്ന ആശയത്തിന് യാഥാർത്ഥ്യരൂപം കൈവന്നു.

മാതൃഭാഷ ലക്ഷ്യങ്ങളായ വായനക്കുള്ള കഴിവ് സ്വന്തമാക്കാൻ കഴിഞ്ഞു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കഥാരചന, കവിതാരചന, ചിത്രരചന, നാടകം എന്നിവക്ക് കലോത്സവത്തിൽ പങ്കെടുത്തു. സർഗോത്സവത്തിൽ സമ്മാനർഹനായി അനന്തകൃഷ്ണൻ ഒന്നാമതായി.

സാഹിത്യവേദി പ്രവർത്തനങ്ങളുടെ ഭാഗമായി മാതൃഭാഷാവാരാഘോഷം നടന്നു. മലയാള അക്ഷരം നമ്മുടെ സ്വത്ത് എന്ന ആഗ്രഹത്തോടെ വിദ്യാർത്ഥികളുടെ ഗ്രൂപ്പുകളും, അദ്ധ്യാപികമാരും ഒരുമിച്ച് ICT ഉപയോഗിച്ച് മലയാളപഠനം എളുപ്പമാക്കാൻ പരിപാടിയും ആവിഷ്കരിച്ചു. കേട്ടെഴുത്ത് ഓരോ ഭാഗങ്ങളും നൽകി. കുട്ടികൾ തന്നെ തിരുത്തി.

കവിതാനിർമ്മാണവും അവതരണവും കുട്ടികൾ ഒരുഗ്രൂപ്പായി തിരഞ്ഞെടുത്ത് കവിത എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നതിലൂടെ സാഹിത്യാഭിരുചി വളർത്തിയെടുക്കാൻ സാധിച്ചു.

ചിത്ര രചനാമത്സരങ്ങളിൽ അഭിരിചു വളർത്തുന്നതിൽ സാഹിത്യ വേദിക്ക് പ്രവർത്തികൾ ചിത്രവേദി രൂപപ്പെടുത്തുന്നു. ചിത്രകലയിൽ

അഭിരുചിയുള്ള വിദ്യാർത്ഥികളിൽ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിനായി ചിത്രക്കളരികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.

സാഹിത്യരുചി വളർത്തുന്നതിനും,അക്ഷരത്തജ്ഞാനത്തോടൊപ്പം സാഹിത്യ ക്വിസ് നടത്തുന്നതിലൂടെ സാഹിത്യകാരന്മാരുടെ ജിവചരിത്രം ഗ്രഹിക്കാൻ സാധിക്കും.

കുട്ടികളുടെ കൈയ്യിലുള്ള സൃഷ്ടികൾ ഒരു മാഗസിനായി പ്രസിദ്ധീകരിക്കുന്നതിനായി നടപടിക്രമങ്ങൾ പുരോഗമിക്കുന്നു ഇതിനായി I.C.T. സാധ്യതകൾ ഉപയോഗിക്കാനും തീരുമാനമായി മലയാളം ടൈപ്പിംഗ് സ്വന്തമാക്കുന്നതിലൂടെ അക്ഷരജ്ഞാനം ഉറപ്പിക്കുന്നതിന് ഇത് സഹായകമാകും.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് വരുന്ന കഥാ, കവിത, ക്വിസ് തുടങ്ങിയ മത്സരങ്ങളിൽ വിദ്യാരംഗം കലാസാഹിത്യവേദി അംഗങ്ങൾ പങ്കെടുക്കുന്നു.

സ്കൂൾതല യുവജനോത്സവത്തിലും വിദ്യാരംഗം സർഗ്ഗോത്സവത്തിലും കുട്ടികൾ ഗ്രൂപ്പായി സ്വയം രചിച്ച നാടകങ്ങൾ അഭിനയിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ മലയാളം അദ്ധ്യാപികമാർ നൽകുന്നു.വിജ്ഞാനപ്രദമായ ലേഖനങ്ങൾ വായിക്കുന്നതിനും ഗ്രഹിക്കുന്നതിനും അവസരം നൽകുന്നു. ചില ലേഖനങ്ങളിലെ പ്രസക്ത ഭാഗങ്ങൾ അസംബ്ലിയിൽ പാരായണം ചെയ്യുന്നു.

വിദ്യാഭ്യസ വികസനം ലക്ഷ്യമിട്ട് വിദ്യാർത്ഥികൾക്കായി വിവിധയിനം സർഗ്ഗാത്മകത രചനാമത്സരങ്ങളും, രചനാശില് പശാലകളും, കവിതയരങ്ങ്, കാവ്യമേള, കവിതാലാപനം. കവികളുമായുള്ള കൂടിക്കാഴ്ച, രചനാപതിപ്പ്, കയ്യെഴുത്തുമാസിക തയ്യാറാകുക്ക് എന്നിവ സംഘടിപ്പിക്കുന്നു ഇതിനായി മലയാളദ്ധ്യാപക കൂട്ടായ്മയുടെ നേതൃത്വത്തിൽ അദ്ധ്യയനവർഷാരംഭത്തിൽ തന്നെ കഥ, കവിത, ഉപന്യാസം, നാടകം എന്നിവയുടെ രചനാഘട്ടങ്ങളെ കുറിച്ച് പൊതുവായി അസംബ്ലിയിൽ വേണ്ട നിർദ്ദേശം നൽകുന്നു. രചനാപതിപ്പുകൾ, കയ്യെഴുത്തു മാസികകൾ എന്നിവ തയ്യാറാക്കി പ്രകാശന കർമ്മം നിർവ്വഹിക്കുകയും, കുട്ടികൾക്ക് വായിക്കാനവസരം നൽകുകയും ചെയ്യുന്നു.

കഥയ്ക്കു വേണ്ട വിഷയാവതരണം ലഭിച്ചുകഴിഞ്ഞാൽ കഥയെ മനസ്സിൽ രൂപപ്പെടുത്തുന്നു. ഇതിനെ കഥയുടെ ബീജാവാപഘട്ടമെന്നു പറയുന്നു. രൂപപ്പെടുത്തിയ കഥയെ വിവിധ ഘട്ടങ്ങളിലായി പരിപോഷിപ്പിക്കുന്നു ഗർഭാവസ്ഥയിലായ കുഞ്ഞ് പൂർണ്ണത പ്രാപിക്കുന്നതുപോലെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് കഥക്ക് രൂപം ലഭിക്കുന്നു.

കവിതയിൽ ആസ്വദനീയാംശത്തിന് പ്രാധാന്യം നൽകണമെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു. സാമൂഹ്യവിഷയങ്ങളെ അടിസ്ഥാനമാക്കി കവിതകൾ രചിച്ച് ക്ലാസ്സുകളിൽ തന്നെ പരിശീലനം നൽകുന്നു. കവിതക്ക് വിഷയം ലഭിച്ചുകഴിഞ്ഞാൽ കവിത ഗദ്യരൂപത്തിലോ പദ്യരൂപത്തിലൊ എഴുതാം. കല്പനാവൈഭവം ആസ്വാദകരിൽ ഇമ്പം ഉലവാക്കുന്നു. ഇതിനായി താളം, ലയം, അക്ഷത്രക്രമം, അലങ്കാരഭംഗി എന്നിവ കൂടി സഹായിക്കുന്നു.

ഓരോ വിദ്യാർത്ഥികളും രചിച്ച കവിതകളിൽ മികവാർന്ന് അസംബ്ലിയിൽ അവതരിപ്പിക്കുകയും, വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട പരിസ്ഥിതിദിനം പോലുള്ള ദിനാചരണങ്ങളുടെ ഭാഗമായി അതുമായി കവിതകൾ ആലപിക്കുകയും, കവികളെ ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നു.

ഓരോ ക്ലാസ്സിൽനിന്നും മികച്ച കവിതകൾ കണ്ടെത്തി കവിയരങ്ങ് സംഘടിപ്പിക്കുന്നു കവിതകൾ ശേഖരിച്ചതും അതിൽ നിന്ന് നാലുവരിയെങ്കിലും മനഃപാഠമാക്കി കാവ്യകേളി നടത്തുകയും ചെയ്യുന്നു കവിതകളേയും സാഹിത്യക്കാരൻമാരേയും അനുസ്മരിക്കുന്നതിന്റെ ഭാഗമായി അവരുടെ രചനകൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും, മികച്ച കാവ്യാലാപനത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. കാവ്യാലാപനത്തിലെ പ്രധാന വസ്തുതകളായ താളം, ഈണം, ഭാവം, അക്ഷരസ്ഫുടത, ആശയത്തിനനുസരിച്ചുള്ള പദങ്ങളുടെ തരംതിരിവ് എന്നിവയും കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മികച്ച രചനകൾ അസംബ്ലിയിൽ അവതരിപ്പിക്കുവാനും അങ്ങനെ സാഹിത്യവാസന വളർത്തുന്നതിനും അവസരമൊരുക്കുന്നു.

കഥയെ നാടകമാക്കുന്നതിനു വേണ്ട പരിശീലനവും അദ്ധ്യാപകർ നൽകുന്നു ഇതിനു മുന്നോടിയായി നാടകരചനകൾ പരിചയപ്പെടുത്തുകയും, രചനാനിർവ്വഹണത്തിനു വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. കഥയെ നാടകമാക്കുമ്പോൾ സംഭാഷണം, ഭാവം,

സ്വരവിന്യാസം, ഓരോ കഥാപാത്രത്തിനു ഉചിതമായ ഭാഷ എന്നീ കാര്യങ്ങളിൽ കരുതലെടുക്കണമെന്നും ഓർമ്മിപ്പിച്ചു. നാടകരചന നിർവ്വഹിച്ചു കഴിഞ്ഞാൽ മികച്ച  നാടകം അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു.

ഉപന്യാസരചനക്കാവശ്യമായ കാര്യങ്ങൾ ആമുഖം, ഉള്ളടക്കം, വിഷയാവതരണം, ആഖ്യാനത്തിൻ്റെ ഒഴുക്ക്. ഉചിതമായ ഭാഷ, ആശയതരംതിരിവ് എന്നിവയാണെന്ന് ചൂണ്ടിക്കാട്ടുന്നു. ആകർഷകമായ ശാർഷകത്തിൻ്റെ പ്രധാന്യവും എടുത്തുപറയുന്നു. സാഹിത്യക്കാരന്മാരുമായി കൂടിക്കാഴ്ചക്ക് അവസരമൊരുക്കുകയും, ചോദ്യാവലി, റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. യാത്രാവിവരണങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ തയ്യാറാകകി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഇവ ചേർത്ത് പതിപ്പുകളും, കയ്യെഴുത്ത് മാസികകളും തയ്യാറാക്കി വിദ്യാർത്ഥികളുടെ രചനാവൈഭവത്തെ പരിപോഷിക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രദർശനവും, അവതരണവും 'സർഗ്ഗവേള' യിൽ നിർവ്വഹിക്കുന്നു

## <u>ലൈബ്രറി</u>

ലൈബ്രറിയുടെ പ്രവർത്തനം കുട്ടികൾക്ക് വലിയ പ്രചോദനം നൽകുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ കുട്ടികൾക്കും ഇരുന്ന് വായിക്കാവുന്ന രീതിയിൽ ലൈബ്രറി സജ്ജമാക്കിയിരിക്കുന്നു. കഥകൾ, ഫാക്ട്സ് കവിതകൾ. കണക്കിലെ കളികൾ, കൗതുക വാർത്തകൾ. ജനറൽ നോളേജ്, ഓരോ വിഷയവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിന് ആവശ്യമായ പുസ് തകങ്ങൾ. റഫറൻസ് ബുക്കുൾ. പഴഞ്ചൊല്ലുകൾ, രസ ബിന്ദുക്കൾ, ഗുണപാഠ കഥകൾ. മഹാൻമാരുടെ ജീവചരിത്രം, ഇതിഹാസ ബുക്കുകൾ. ചരിത്ര പുസ്തകങ്ങൾ, പാചക കുറിപ്പുകൾ അടങ്ങിയ പുസ്തകങ്ങൾ, വിവിധ നേവലുകൾ. പ്രസിദ്ധരായ കവികളുടെ കവിതാ സമാഹാരങ്ങൾ. ശാസ്ത്ര പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മാഗസിൻ വിക്കിലി, കുട്ടികളുടെ രചനകൾ, ഉപന്യാസങ്ങളും ലേഖനങ്ങളും അടങ്ങിയ പുസ്തകങ്ങൾ. ഇംഗ്ലീഷ് മലയാളം ഹിന്ദി വിഷയങ്ങളുമായി ബന്ധപ്പെട്ട നിഘണ്ടു എന്നിവയുടെ സമുച്ഛയസമാഹരങ്ങൾ അടങ്ങിയ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ വ്യത്യസ്ത സ്ഥാനങ്ങളിലായി സജ്ജമാക്കിയിരിക്കുന്നു

കാറ്റലോഗ് ഉപയോഗിച്ച് ബുക്കുകൾ ഏതെല്ലാം ആണെന്നും അവയുടെ സ്ഥാനം എവിടെയാണ് എന്നും തിരിച്ചറിയാൻ സഹായിക്കുന്ന വിധത്തിൽ ആയിരിക്കണം. ബുക്കുകളെ തരം തിരിച്ച് വിവിധ സ്ഥാനങ്ങളിലായി തരം തിരിച്ച് ക്രമീകരിക്കുന്നു.

- **<u>പോരായ്മകൾ</u>**

സ്കൂളിലെ ലൈബ്രറിക്ക് വേണ്ടത്ര സ്ഥല പരിമിധി ഇല്ല. പുസ്തകങ്ങൾ ക്രമീകരിക്കുവാൻ ആവശ്യത്തിന് അലമാരകളുടെ അപര്യാപ്തതമൂലം പുസ്തകങ്ങൾ കൂടുതലായി ശേഖരിക്കാനായി സാധിക്കുന്നില്ല. സ്ഥല പരിമിതികൾ വർദ്ധിപ്പിച്ച് പുസ്തകങ്ങളുടെ ക്രമീകരണം കമ്പ്യൂട്ടർ വൽക്കരിക്കുകയും, ഒരു ലൈബ്രറീയൻ-ൻറെ സാന്നിധ്യത്തിൽ ലൈബ്രറി പ്രവർത്തിക്കുകയാണെങ്കിൽ ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ സജ്ജീവമാകുമായിരുന്നു. ഈ പോരായ്മകൾ പരിഹരിക്കാനാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിന് എം.എൽ.എ. ഫണ്ട്. സ്പോൺസേഴ്സ്. എം.പി.ഫണ്ട്. എന്നിവ ലഭിച്ചാലെ ഇത് കാര്യക്ഷമതയോടെ പ്രവർത്തിപ്പിക്കാനാകു.

- **<u>ക്ലാസ്സ് ലൈബ്രറി</u>**

ഓരോ കുട്ടിയും പുസ്തകം എന്ന രീതിയിൽ പുസ്തകങ്ങൾ കൊണ്ടുവന്ന് ക്ലാസ് ലൈബ്രറി അല്ലെങ്കിൽ വായനമൂല സജ്ജീവമാക്കുന്നു. നിത്യവും ലഭിക്കുന്ന പത്രങ്ങൾ വായിക്കുന്നത് വഴി കുട്ടികൾക്ക് സമകാലിക വാർത്തകൾ ഹൃദ്യസ്ഥമാക്കാനായി സാധിക്കുന്നു. അതിനായി പത്രങ്ങൾക്കുള്ള സ്പോൺസറുകളെ കണ്ടെത്തുന്നതു വഴി വായനമൂല കൂടുതൽ സജീവമാക്കാം. ബർത്ത് ഡേ ദിവസങ്ങളിൽ ലഭിക്കുന്ന പുസ്തകങ്ങൾ വഴി സ്കൂൾ ലൈബ്രറിയെ ഒന്നുകൂടി മെച്ചപ്പെടുത്താവുന്നതാണ്. പുസ്തക പ്രദർശനം നടത്തുന്ന സന്ദർഭങ്ങളിൽ കുട്ടികൾക്കും അധ്യാപകർക്കും യോജിച്ച പുസ്തകങ്ങൾ വിലക്കുറവിൽ സംഘടിപ്പിക്കാവുന്നതാണ്. കൂടാതെ ഉപയോഗിച്ച പുസ്തകങ്ങൾ വിൽക്കുന്ന ഷോപ്പുകളിൽ നിന്നും വിലക്കുറവിൽ പുസ്തകങ്ങൾ ശേഖരിക്കുന്നതാണ്. പുസ്തകങ്ങൾ പ്രകാശനം ചെയ്യുന്നവരിൽ നിന്ന് കോപ്പികൾ സംഘടിപ്പിക്കുന്നു. അങ്ങനെ വായനമൂലം ഒരുക്കുന്നു. ഒരു സമയങ്ങളിൽ കുട്ടികൾ തനിയെയും, ഗ്രൂപ്പായും വായിക്കുന്നു. നോട്ടുബുക്കിൽ സമ്മറി എഴുതുന്നു. വിവരശേഖരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുന്നു.ജനറൽ നോളേജുകൾ, പ്രധാനപ്പെട്ട സമകാലിക വാർത്തകൾ എന്നിവയും ബുക്കിൽ എഴുതുന്നു. ഓരോ ക്ലാസ്സിലേയും കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ച് (രാമനുജൻ, ഐൻസ്റ്റിൻ, ജെ.സി.ബോസ്, ന്യൂട്ടൺ) എന്നീ

ഗ്രൂപ്പുകൾ ആയി തിരിച്ച് വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി നടത്തി. ഓരോ ഗ്രൂപ്പിൻ്റേയും ചാർട്ടിൽ രേഖപ്പെടുത്തുന്നു. ഓരോ വിജയികൾക്കും സമ്മാനം നൽകുന്നു.

ടീച്ചർ ലൈബ്രറി - ടീച്ചേഴ്സിന് ആവശ്യാനുസരണം ഉപയോഗിക്കാനായി ഓരോ വിഷയവുമായി ബന്ധപ്പെട്ട റഫറൻസ് ബുക്കുകൾ, ഡിക്ഷ്നറി, മാപ്പ്, മുതലായവ ശേഖരിക്കുക. അവയെ വിഷയാടിസ്ഥാനത്തിൽ ചിട്ടയായി തരംതിരിച്ച് ക്രമീകരിക്കാം ടീച്ചേഴ് സിന് എളുപ്പത്തിൽ എടുത്ത് ഉപയോഗിക്കാനായി സ്റ്റാഫ് ഇതിനായി ലൈബ്രറിയുടെ ഒരുഭാഗമൊ റൂമിലോ, മെയിൻ ഉപയോഗിക്കാവുന്നതാണ്.

## ***<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>***

- കായികം
- ബാസ്കറ്റ്ബോൾ കോർട്ട് - നവീകരണം
- ഫുഡ്ബോൾ കോർട്ട് നിർമ്മാണം
- സ്മാർട്ട് ക്ലാസ്സ് നവീകരണം : ക്ലാസ്സ് റൂമിൽ ടി.വി, ലൈബ്രറി ശാക്തീകരണം. പുസ്തകശേഖരണം
- സർഗ്ഗചുവർ: കുട്ടികളുടെ കഥ. കവിത മുതലായവ പ്രസിദ്ധീകരിക്കൽ, (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)
- പഠനയാത്ര: സയൻസ്, കുസാറ്റ്, പിച്ചി, സൈലൻ്റ് വാലി
- പഠനയാത്ര: നിയമസഭ, ഹിൽപാലസ് തൃപ്പൂണിത്തറ തുടങ്ങിയവ
- സെമിനാർ: സാമൂഹ്യശാസ്ത്രം
- സെമിനാർ : ഗണിതം, ശ്രീനിവാസരാമാനുജൻ, വിശിഷ് ടാതിഥികളെ ക്ഷണിച്ച്
- രചനാശിൽപ്പശാല : ഹിന്ദി, ഇംഗ്ലീഷ്
- സാഹിത്യകാരന്മാരുമായുള്ള സംവാദം : മലയാളം
- ഇംഗ്ലീഷ് : കോറിയോഗ്രാഫി
- ചെസ്സ്
- സ്കൂൾ ബ്ലോഗ്
- കലാപരിശീലനം :മാർഗ്ഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം. ഉപകരണസംഗീതം

## പദ്ധതി വിശദാംശങ്ങൾ പ്രവർത്തന മേഖലകൾ

**മേഖല: അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല ‘ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലക്ഷ്യം എല്ലാ കുട്ടികളും ഭാഷാവിഷയങ്ങൾ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | ത്രി ഭാഷാ അസംബ്ലികൾ | എല്ലാ ആഴ്ചയിലും<br>മലയാളം 2, ഇംഗ്ലീഷ് 2, ഹിന്ദി 2 | ക്ലാസ്സ് ടീച്ചർ | |
| | ഓരോ ഭാഷയുടെ മികവിനുവേണ്ടിയുള്ള വിവിധ ഭാഷാ പ്രവർത്തനങ്ങൾ | ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ മാസങ്ങളിലെ അവസാന ആഴ്ച | ഭാഷാ<br>ടീച്ചർ | 2,000 |
| | ലൈബ്രറി പങ്കാളിത്തം | എല്ലാ വെള്ളിയാഴ്ച | ക്ലാസ്സ് ടീച്ചർമാർ | |
| | പതിപ്പുകളുടെയും, ക്ലാസ്സ് മാദസിന്റേയും പ്രകാശനം | ജനുവരി | ക്ലാസ്സ് ടീച്ചർമാരും<br>ഭാഷ അദ്ധ്യാപകരും | 1,500 |
| | പ്രമുഖ വ്യക്തി പരിചയ പ്പെടുത്തലുകൾ കുട്ടിക ളുടെ സമഗ്രവികസനം | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഭാഷ അദ്ധ്യാപകർ | 3000 |
| | കുട്ടികളുടെ ക്രയാത്മകത വികസനത്തിനു വേണ്ടിയുള്ള ഭാഷ വർക്ക് ഷോപ്പുകൾ | വേനലവധി<br>കാലം | ഭാഷ അദ്ധ്യാപകർ | 15,000 |

**<u>ഉപമേഖല</u>: <u>ശാസ്ത്ര വിഷയങ്ങൾ</u>**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ നിരീക്ഷണപാടവം വളർത്തി കണ്ടുപിടുത്ത മേഖലയിലെ സാധ്യതകൾ പരിചയപ്പെടുത്തൽ | പരീക്ഷണ ശില്പശാലകൾ | ആഗസ്റ്റ് | സയൻസ് ടീച്ചർ | 2000 |
| | വിദ്യാർത്ഥികളുടെ കണ്ടെത്തലുകളുടെ പ്രദർശനങ്ങൾ | ജനുവരി | സയൻസ് ടീച്ചർ | 1000 |
| | ശാസ്ത്ര പരീക്ഷണ മേഖലയിലെ പ്രമുഖരെ പരിചയപ്പെടുത്തൽ | ഒക്ടോബർ | സയൻസ് ടീച്ചർ | 5000 |
| വിദ്യാർത്ഥികളുടെ കായികക്ഷമതയും,മാനസിക ഉല്ലാസവും വർദ്ധിപ്പിക്കുന്നതിന് | കായികധ്യാപകരുടടെ പരിശീലന ക്ലാസ്സുകൾ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | 10,000/- |
| | ചെസ്സ്, കാരംബോർഡ് തുടങ്ങിയവയിൽ വിദഗ്ധർ നൽകുന്ന പരിശീലന ക്ലാസ്സുകൾ | എല്ലാ ശനിയാഴ്ചയും | പ്രിൻസിപ്പൽ | 10,000/- |
| | പെൺകുട്ടികൾക്കായി യോഗ, കരാട്ടെ ക്ലാസ്സുകൾ | എല്ലാ ശനിയാഴ്ചയും | പ്രിൻസിപ്പൽ | 5,000 |
| | കായികദിനത്തോടനുബന്ധിച്ച് വിവിധ മൽസര ഇനങ്ങൾ സംഘടിപ്പിക്കാറുണ്ട്. | ഒക്ടോബർ | എല്ലാ അധ്യാപകരും | 8,000 |

## പദ്ധതി വിശദാംശങ്ങൾ

**മേഖല: അക്കാദമികം** **ഉപമേഖല: കായിക പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല, | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു | ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മാണം | ആഗസ്റ്റ് | എച്ച്. എം., പി. ടി ടീച്ചർ പി. ടി ഭാരവാഹികൾ | 600000 |
| | ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം | ജനുവരി | എച്ച്. എം., പി. ടി ടീച്ചർ പി. ടി ഭാരവാഹികൾ | 400000 |

**മേഖല: അക്കാദമികം** **ഉപമേഖല: സയൻസ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല, | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവബോധം ഉണർത്തുന്നു | സയൻസിൽ പ്രാവീണ്യമുള്ള വരെകൊണ്ട് ക്ലാസ്സ് | ഒക്ടോബർ | സയൻസ് ടീച്ചേർസ് | 2,000 |
| | പഠനയാത്ര കുസാറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് | നവംബർ | എച്ച് എം സയൻസ് ടീച്ചേർസ് | 3,000 |
| സയൻസ് ആശയങ്ങൾ | സയൻസ് ഡ്രാമ | ആഗസ്റ്റ് | സയൻസ് ടീച്ചർ | 6000 |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ എത്തിക്കുന്നു | | | | |
| | പഠനയാത്ര ജീവശാസ്ത്രവുമായി ബന്ധപ്പെട്ട സൈലന്റ് വാലി<br>ചിമ്മിനി ഡാം, പീച്ചി ഡാം | ഡിസംബർ | ബയോളജി ടീച്ചേർസ് | 3000 |

**മേഖല: അക്കാദമികം** **ഉപമേഖല: ഭാഷാ പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ പ്രദർശനം | സർഗ്ഗചുവർ | ജൂലൈ | വിദ്യാരംഗം കൺവീനർ മലയാളം, ഹിന്ദി,ഇംഗ്ലീഷ് അധ്യാപകർ | 5,000/- |
| കുട്ടികളുടെ സാഹിത്യരുചി വളർത്താൻ | സാഹിത്യക്കാരൻമാരെ പരിചയപ്പെടുത്തുന്നു | സെപ്റ്റംബർ | പി.ടി എ മലയാളം അധ്യാപകർ | 3,000/ |
| പഠനയാത്ര | ചെറുതുരുത്തി കലാമണ്ഡലം സന്ദർശിക്കുന്നു | നവംബർ | മലയാളം അധ്യാപകർ | 5,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: കലാധ്യാപനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികൾക്ക് കല അഭ്യസി ക്കാനുള്ള സൗകര്യം ഉണ്ടാകുന്നു | പരിചമുട്ടുകളി അഭ്യസിക്കൽ | ആഗസ്റ്റ് | കലാധ്യാപിക | 10,000/- |
| | രംഗാവതരണം | ഒക്ടോബർ | കലാധ്യാപിക | 20,000/- |
| | ചവിട്ടുനാടകം | ആഗസ്റ്റ് | കലാധ്യാപിക | 50,000/- |
| | മാർഗ്ഗം കളി | സെപ്തംബർ | എസ്.ആർ.ജി കൺവീനർ | 10,000/- |
| സംഗീതാഭിരുചി വളർത്തൽ | സംഗീതോപകര ണം അഭ്യസിപ്പിക്കൽ ഗിറ്റാർ, പിയാനോ, തബല, വയലിൻ, ട്രിപ്പിൾ | ഒക്ടോബർ | സംഗീതാധ്യാ പിത | 5,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: ലൈബ്രറി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല,** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികൾക്ക് അധികവായനക്ക് അവസരം നൽകുന്നു | പുതിയ പുസ് തകങ്ങൾ വായിക്കൽ | സെപ്റ്റംബർ | പി. ടി. എ<br>എച്ച് എം<br>ലൈബ്രറിയൻ | 10,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: ഭാഷാ പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല,** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളിൽ പൗരബോധം വളർത്തുന്നതിന് | സെമിനാറുകൾ ചർച്ച | ജനുവരി | എസ് എസ് ടീച്ചേഴ്സ് | 10,000/- |
| | പഠനയാത്ര നിയമസഭാ സന്ദർശനം | ഫെബ്രുവരി | എസ് എസ് ടീച്ചേഴ്സ് | 15,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: വിവരസാങ്കേതിക വിദ്യാപഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ്സുകൾ നിർമ്മിക്കൽ | ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടർ വൽക്കരണം | ആഗസ്റ്റ് | എച്ച്.എം | 1,00,000/- |
| | മൾട്ടിമീഡിയ റൂം | സെപ്റ്റംബർ | എച്ച്.എം | 2,00,000/- |
| | എൽ സി ഡി ചുമർ | ഒക്ടോബർ | എച്ച്.എം | 75,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: കണക്ക് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിതശേഷി വികസനം | ഇരുമ്പിൻ്റെ കോമ്പസ്.. | നവംബർ | കണക്ക് അധ്യാപകർ | 10,000/- |
| | സെമിനാർ മാതൃക നിർമ്മിക്കൽ | ജനുവരി | കണക്ക് അധ്യാപകർ | 5,000/- |

**മേഖല: അക്കാദമികം** **ഉപമേഖല: ഹിന്ദി, ഇംഗ്ലീഷ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല.** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഹിന്ദി ഇംഗ്ലീഷ് പഠനശേഷി വർധിപ്പിക്കാൻ | ഹിന്ദി ഇംഗ്ലീഷ് വായന സാമഗ്രികളുടെ ശേഖരണം | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | 3000/- |
| | രചനാ ശില്പശാല | ഫെബ്രുവരി | ഹിന്ദി അധ്യാപകർ | 5000/- |

# പ്രതീക്ഷിത നേട്ടങ്ങൾ

വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഹൃദയസമൃതമായ അന്തരീക്ഷം സൃഷ്ടിക്കുക; ബോധവത്കരണത്തിന്റെ സാധ്യതയുടേയും പരമാവധി കൃത്യതയുടെ സാധ്യതയും തെളിയിച്ചുകൊടുക്കുക; കാലികമായി പ്രാധാന്യമുള്ളതും സാമൂഹികമായതുമായ വിഷയം; വിദ്യാലയത്തിന്റെ വിദ്യാഭ്യാസപരമായ ലക്ഷ്യത്തോടൊപ്പം സാമൂഹിക ഉത്തരവാദിത്തം; മൂന്ന് തലങ്ങളിലുള്ള പരിപാലന സംവിധാനങ്ങൾ; തരികലുള്ള സാഹചര്യങ്ങൾ; അനുകൂലമായ സാമൂഹിക മാധ്യമങ്ങൾ; മികച്ച കോഓർഡിനേഷൻ, പരിശീലനം, മുന്നൊരുക്കം, പരിശീലനം, നല്ല രീതിയിൽ ചിന്തിച്ച പദ്ധതികൾ; വ്യക്തികളുടെയും സമൂഹത്തിൻറെയും പങ്കാളിത്തം ഉറപ്പാക്കുക; നടത്തൽ സൗകര്യങ്ങൾ; ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം, സാമൂഹിക പരിസ്ഥിതി, സാമൂഹിക സംവേദനം എന്നീ മേഖലകളിൽ പഠനത്തിന് വേണ്ടിയുള്ള അവസരങ്ങൾ.

# മോണിറ്ററിംഗ്

പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുക. സ്കൂൾ മോണിറ്ററിംഗ് നടത്തുന്നത് സ്കൂൾ സമിതി നടത്തുന്നത് വഴി നടക്കുന്നു. പദ്ധതികളുമായി ബന്ധപ്പെട്ട സ്കൂൾ പി.ടി.എ യുടെ പ്രത്യേകയോഗത്തിൽ വിലയിരുത്തലുകൾ നടത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ പ്രവർത്തന പദ്ധതി തയ്യാറാക്കി പ്രധാനാധ്യാപകനും സഹാധ്യാപകരും സഹകരണം നൽകുന്നു. സ്കൂളുകളിൽ ഓരോ അധ്യയന വർഷത്തിലും പഠന വർഷം ആരംഭിക്കുന്നതിനു മുൻപ് പദ്ധതികൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

# ഉപസംഹാരം

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ജനപങ്കാളിത്തത്തോടെ പൊതുവിദ്യാലയങ്ങളിലെ അക്കാദമികവും, ഭൗതികവുമായ, സാമൂഹികവുമായ തലങ്ങളെ കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള പദ്ധതികളാണ് നമ്മൾ ആസൂത്രണം ചെയ്തത്. വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കിതീർക്കാം. വ്യക്തമായ കാഴ്ച്ചപ്പാടോടെയുള്ള ശക്തമായ ഇടപെടലുകളിലൂടെ പ്രകടമായ മാറ്റം സാധ്യമാക്കും അചഞ്ചലമായ ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് ഈ ദൗത്യം ഏറ്റെടുക്കാം.

## അനുബന്ധം

### കുട്ടികളുടെ എണ്ണം

| Years | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 2020-2021 | 146 | 134 | 280 |
| 2021-2022 | 169 | 128 | 297 |
| 2022-2023 | 172 | 125 | 297 |
| 2023-2024 | 178 | 129 | 307 |
| 2024-2025 | 178 | 121 | 299 |
| 2025-2026 | 164 | 130 | 294 |